2026 MAY 4

emalayalee.com

# The Weekly

WEEK PER

Contact: editor@emalayalee.c 7 324 4907; 917 662 1122



# ന്യൂയോർക്ക് അസംബ്ലിയിലേക്ക് വീണ്ടും ജോൺ ഐസക്




## മാറ്റത്തിനായി കൈകോർത്ത് മലയാളി സമൂഹം


415+
SHOWROOMS
14 COUNTRIES
MALABAR
GOLD & DIAMONDS
EXPERIENCE JEWELLERY SHOPPING LIKE NEVER BEFORE
VISIT OUR SHOWROOM
USA
AUSTIN
NEW JERSEY
DALLAS
CHICAGO
NAPERVILLE
LOS ANGELES
ATLANTA
CANADA
AJAX | MISSISSAUGA | SURREY
OPENING SOON
IN SEATTLE AND SANTA CLARA

# ന്യൂയോർക്ക് അസംബ്ലിയിലേക്ക് വീണ്ടും ജോൺ ഐസക്;

## മാറ്റത്തിനായി കൈകോർത്ത് മലയാളി സമൂഹം

ന്യൂയോർക്ക്: ന്യൂയോർക്ക് സ്‌റ്റേറ്റ് അസംബ്ലി 90-ാം ഡിസ്ട്രിക്ടിലെ മത്സരം ഇത്തവണ മലയാളികളും ആവേശപൂർവ്വം കാത്തിരിക്കുകയാണ്. റിപ്പബ്ലിക്കൻ പാർട്ടി സ്ഥാനാർത്ഥിയായി ജോൺ ഐസക് (ഷിബു) രണ്ടാം തവണയും മത്സരിക്കുകയാണ്. നിലവിലുള്ള അസംബ്ലി അംഗം വിരമിക്കുന്നതിനാൽ ഇതൊരു ഓപ്പൺ സീറ്റാണ്. അതിനാൽ വിജയ സാധ്യത ഏറുന്നു. കഴിഞ്ഞ തവണ നേരിയ ഭൂരിപക്ഷത്തിനാണ് അദ്ദേഹം പരാജയപ്പെട്ടത്.

പാർട്ടി നേതൃത്വം ഐകകണ്‌ഠ്യേന സ്ഥാനാർത്ഥിയായി പ്രഖ്യാപിക്കുകയായിരുന്നു. അവിഭക്ത ഫൊക്കാനയുടെ ജനറൽ സെക്രട്ടറി ആയിരുന്ന അദ്ദേഹം മലയാളി സമൂഹത്തിൽ സുപരിചിതനാണ്.

ഏറെക്കാലമായി യോങ്കേഴ്‌സിൽ താമസിക്കുന്ന ജോൺ ഐസക്ക് (110 ബ്രെൻഡൻ ഹിൽ റോഡ്, യോങ്കേഴ്‌സ്, ന്യൂയോർക്ക്) ഇവിടുത്തുകാർക്ക് സുപരിചിതനും ജനസമ്മതനുമാണ്.

ഡിസ്ട്രിക്ടിന്റെ 90 ശതമാനവും യോങ്കേഴ്‌സ് ടൗൺ ആണ്. മലയാളികൾ തിങ്ങിപ്പാർക്കുന്ന നഗരം. അതുകൊണ്ടുതന്നെ ന്യൂയോർക്ക് സ്റ്റേറ്റിന്റെ പുരോഗതിക്കു വേണ്ടി പ്രവർത്തിക്കുമെന്ന് ഉറപ്പുള്ള ഐസക്കിനെ വിജയിപ്പിക്കേണ്ടത് ഇവിടെ താമസിക്കുന്ന മലയാളികളുടെ ആവശ്യമാണ്. പാർട്ടി ചായ്‌വ് മറന്ന് തങ്ങളിൽ ഒരാൾ എന്ന ചിന്തയോടെ വോട്ടർമാർ തങ്ങളുടെ കർത്തവ്യം നിർവ്വഹിക്കുമെന്നാണ് ഐസക്ക് പ്രതീക്ഷിക്കുന്നത്. ഓരോ വോട്ടും പ്രധാനമാണെന്നും തന്റെ വിജയത്തിനായി തുടർന്നും പിന്തുണ വേണമെന്നും അദ്ദേഹം






അഭ്യർത്ഥിച്ചു. ജോൺ ഐസക്കിന്റെ സ്ഥാനാർത്ഥിത്വത്തിന് മികച്ച സ്വീകാര്യതയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്.

19-ാം വയസ്സിൽ ഇന്ത്യയിൽ നിന്ന് കുടിയേറിയ ജോൺ ഐസക്, കഴിഞ്ഞ 18 വർഷക്കാലമായി യോങ്കേഴ്സിലാണ് താമസം. മെറിൽ ലിഞ്ച്, മെറ്റ്ലൈഫ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ പ്രവർത്തിച്ച് ഫിനാൻഷ്യൽ സർവീസ് രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചു. നിലവിൽ ഫോറസ്റ്റ് ഹിൽസ് ഫിനാൻഷ്യൽ ഗ്രൂപ്പിന്റെ വൈസ് പ്രസിഡന്റാണ്.

സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് ചർച്ചിന്റെ ബോർഡ് ഓഫ് ട്രസ്റ്റീസിൽ ഒരാളാണ്. ഇന്ത്യൻ അമേരിക്കൻ ചേംബർ ഓഫ് കോമേഴ്സ് പ്രസിഡന്റ്, ഏഷ്യൻ അമേരിക്കൻ റിപ്പബ്ലിക്കൻ കമ്മിറ്റി സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

മലയാളി സമൂഹത്തിന് ലഭിക്കുന്ന വലിയൊരു അംഗീകാരം കൂടിയായിരിക്കും ആ വിജയം. ഇന്ത്യക്കാർ ധാരാളമായി താമസിക്കുന്ന യോങ്കേഴ്സിൽ നാം ഒരുമിച്ചു പിന്തുണച്ചാൽ ജോൺ ഐസക്കിന്റെ വിജയം ഉറപ്പാണ് എന്ന് ഏവരും വിശ്വസിക്കുന്നു.

പാർട്ടി ഏതായാലും നമ്മുടെ ആളുകൾ വിജയിക്കുക എന്നതാണ് പ്രധാനം. 73,000 വോട്ടേഴ്സുള്ള ഈ ഡിസ്ട്രിക്ടിൽ നല്ലയൊരുഭാഗം ഇന്ത്യക്കാർ ആണ്. ആദ്യമായാണ് ഇവിടെ മത്സരിക്കാൻ നമ്മുടെ ഒരാളിന് അവസരം ലഭിക്കുന്നത്. ഈ അവസരം നമ്മൾ കൃത്യമായി വിനിയോഗിച്ചാൽ കൂടുതൽ പേർക്ക് ഈ രംഗത്തേക്ക് കടന്നു വരുവാൻ പ്രചോദനമാകും.

2022 ൽ ഈ സീറ്റിൽ മത്സരിച്ചു വിജയിച്ച വ്യക്തിയുടെ ഭൂരിപക്ഷം ഏകദേശം 1700 വോട്ടുകൾ മാത്രമാണ്, വളരെയധികം ഇന്ത്യാക്കാർ വസിക്കുന്ന യോങ്കേഴ്സ് പ്രദേശത്തെ നമ്മുടെ വോട്ടുകൾ എല്ലാം നേടുകയാണെങ്കിൽ ജോൺ ഐസക്കിന്റെ വിജയം സുനിശ്ചിതമാണ്. “Everyone wins with Isaac” എന്നാണ് അദ്ദേഹത്തിന്റെ മുദ്രാവാക്യം. അതേ, അദ്ദേഹത്തിന്റെ വിജയത്തിലൂടെ നമുക്കോരോരുത്തർക്കും വിജയിക്കാം.

ന്യൂയോർക്ക് നേരിടുന്ന ഉയർന്ന നികുതി, വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ, ജീവിതച്ചെലവ് എന്നിവയ്ക്കെതിരെ ‘മാറ്റം’ എന്ന മുദ്രാവാക്യവുമായാണ് ജോൺ ഐസക് മത്സരരംഗത്തുള്ളത്. അദ്ദേഹത്തിന്റെ പ്രധാന വാഗ്ദാനങ്ങൾ താഴെ പറയുന്നവയാണ്:



1. ആദായകരമായ ന്യൂയോർക്കും യോങ്കേഴ്സും

ന്യൂയോർക്ക് നേരിടുന്നത് വരുമാനത്തിന്റെ കുറവല്ല, മറിച്ച് അമിതമായ ചെലവഴിക്കലിന്റെ



പ്രശ്നമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

സംസ്ഥാന വ്യാപകമായി നികുതി കുറയ്ക്കുക.

യോങ്കേഴ്സിലെ വ്യക്തിഗത ആദായനികുതി ഒഴിവാക്കുക.

ബജറ്റുകളിൽ കർശനമായ അച്ചടക്കം കൊണ്ടുവരിക.

2. പൊതുസുരക്ഷ ഉറപ്പാക്കൽ

പരാജയപ്പെട്ട ബെയ്ൽ പരിഷ്കരണ നിയമങ്ങൾ ഭേദഗതി ചെയ്യുക വഴി ക്രിമിനലുകൾ തെരുവിലിറങ്ങുന്നത് തടയുക.

ക്രമസമാധാന പാലനത്തിന് പോലീസിന് പൂർണ്ണ പിന്തുണ നൽകുക.

കുറ്റവാളികളേക്കാൾ ഇരകൾക്ക് പ്രാധാന്യം നൽകുന്ന സുരക്ഷാ രീതി നടപ്പിലാക്കുക.

3. വിദ്യാഭ്യാസ മേഖലയിലെ പരിഷ്കരണം

യോങ്കേഴ്സിലെ വിദ്യാലയങ്ങൾക്ക് അർഹമായ ഫണ്ട് ലഭ്യമാക്കാൻ പോരാടുക.

വിദ്യാഭ്യാസ മേഖലയിലെ ചെലവുകളിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുക.




4. സാമ്പത്തിക വളർച്ചയും തൊഴിലവസരങ്ങളും

യോങ്കേഴ്സിൽ പൂർണ്ണ സജ്ജമായ കാസിനോ ഗെയിമിംഗ് പദവി നേടിയെടുക്കുന്നതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും പ്രാദേശിക വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുക.



# യു.ഡി.എഫ് കൊടുങ്കാറ്റിൽ ഇടതു കോട്ടകൾ തകർന്നിടിഞ്ഞപ്പോൾ പഴി കേൾക്കേണ്ടത് ക്യാപ്റ്റൻ മാത്രം



**എ.എസ് ശ്രീകുമാർ**

ഫ്രാൻസിന്റെയും നവാരേയുടെയും രാജാവായിരുന്ന ലൂയി പതിനാലാമൻ മരിക്കുന്നതുവരെ നടത്തിയ 72 വർഷവും 3 മാസവും 18ദിവസവും നീണ്ട ഭരണം യൂറോപ്പിലെ ഏകാധിപതികളിൽ ഏറ്റവും ദൈർഘ്യമേറിയതാണെന്ന് ചരിത്രം പറയുന്നു. 'ഐ ആം ദ സ്റ്റേറ്റ്...' എന്ന് പ്രഖ്യാപിച്ച അദ്ദേഹത്തിന്റെ സ്വഭാവ രീതികളുടെ ചില അനുരണനങ്ങൾ പിണറായി വിജയനിലും കാണാം. സദസിൽ ഏഴുന്നേറ്റു നിന്ന് ന്യായമായ ചോദ്യം ചോദിക്കുന്നവനോട്, ''വീട്ടിൽ പോയി ചോദിക്ക്...'' എന്നു പറയുന്ന ഒരു മുഖ്യമന്ത്രിയെ കേരളം കണ്ടിട്ടില്ല, പിണറായി അല്ലാതെ. മാധ്യമപ്രവർത്തകരോട് ''കടക്ക് പുറത്ത്...'' എന്ന് ഒരേയൊരു മുഖ്യമന്ത്രി മാത്രമേ പറഞ്ഞിട്ടുള്ളൂ. അദ്ദേഹത്തിന്റെ ശരീര ഭാഷയും ഒരു ജനകീയന് യോജിച്ചതായിരുന്നില്ല. നവകേരള സദസ് വണ്ടിയുടെ മുന്നിലേയ്ക്ക് ചാടിയ യൂത്ത് കോൺഗ്രസുകാരെ സ്വന്തം പോലീസിനെ ഉപയോഗിച്ച് മൃഗീയമായി 'രക്ഷാ പ്രവർത്തനം' നടത്തിയത് മറ്റാരുമല്ല.

അങ്ങനെ ഏറെയുണ്ട് പിണറായി വിജയന് മേലുള്ള പഴികൾ. ഒടുവിൽ ജനങ്ങൾ നടത്തിയ യഥാർത്ഥ

**കോൺഗ്രസിനുള്ളിലും സതീശൻ ചില ശക്തമായ തീരുമാനങ്ങൾ എടുത്തിരുന്നു. സ്ത്രീപീഡനക്കേസിൽപ്പെട്ട രാഹുൽ മാങ്കൂട്ടത്തിലിനെ പാർട്ടിയിൽ നിന്ന് പുറത്താക്കാനുള്ള തീരുമാനത്തിൽ അദ്ദേഹം പൂർണമായും ഉറച്ചുനിന്നു. ഇതിനൊപ്പം പി.വി അൻവർ വിഷയത്തിലും സൈബർ ഇടങ്ങളിൽ വലിയ വിമർശനങ്ങൾ ഉയർന്നപ്പോഴും സതീശൻ പിന്നോട്ട് പോയില്ല. അദ്ദേഹം എടുത്ത ഇത്തരം വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ കോൺഗ്രസ് അണികളിൽ വലിയ ആവേശം ഉണ്ടാക്കി. ആ തീരുമാനങ്ങൾ അന്തിമമായി ശരിയായിരുന്നുവെന്നാണ് ജനവിധി തെളിയിക്കുന്നത്.**



രക്ഷാ പ്രവർത്തനമാണ് നിയമസഭാ തിരഞ്ഞെടുപ്പ് ഫലത്തിൽ പ്രതിഫലിച്ചത്. 2021-ൽ തുടർ ഭരണം നേടി കേരളത്തിൽ ചരിത്രം സൃഷ്ടിച്ച നേതാവ്, പാർട്ടിയിലും മുന്നണിയിലും ചോദ്യം എതിർക്കപ്പെടാത്ത സഖാവ്, എന്നും ഇളവുകളിലൂടെ പാർട്ടിക്ക് അതീതൻ...ഇങ്ങനെ ഒട്ടേറെ വിശേഷണങ്ങളുള്ള പിണറായി വിജയൻ ഇന്ന് വോട്ടെണ്ണലിന്റെ അഞ്ച് റൗണ്ടുകളിൽ പിന്നാക്കം പോയി നന്നായി വിയർത്ത ശേഷമാണ് വിജയിച്ചത്. എന്നാൽ കഴിഞ്ഞ തവണത്തെ പ്രകടനം കാഴ്ചവയ്ക്കാനായില്ല. പാർട്ടിയും മുന്നണിയും അതിന്റെ ഉരുക്കു കോട്ടകളിൽ അടിപതറി. പരമ ദയനീയമായ തോൽവി ഏറ്റുവാങ്ങിക്കൊണ്ട് അധികാരത്തിൽ നിന്ന് നിഷ്കാസിതരായിരിക്കുകയാണ് ഇടതു മുന്നണി. 81 വയസുള്ള പിണറായി വിജയന് ഇനിയൊരു തിരിച്ചുവരവിനുള്ള ബാല്യമില്ല.

102 സീറ്റുളുടെ യു.ഡി.എഫ് തരംഗത്തിൽ ഇടതു കോട്ടകൾ തകർന്നിടിഞ്ഞപ്പോൾ 13 മന്ത്രിമാരാണ് തോൽവിയറിഞ്ഞത്. ഭരണ വിരുദ്ധ വികാരമില്ലെന്ന എൽ.ഡി.എഫ് വിശ്വാസം ജനം പാടേ തള്ളിയതിന്റെ പ്രത്യക്ഷ ഉദാഹരണമാണിത്. എൽ.ഡി.എഫ് കൺവീനർക്കും കാലിടറി. സി.പി.എം വിമതൻമാർക്ക് ഗംഭീരവിജയം. 2021-ൽ പൂട്ടിയ അക്കൗണ്ട് ബി.ജെ.പി തുറന്നപ്പോൾ അവർ സ്വന്തമാക്കിയത് 3 സീറ്റുകൾ. കോൺഗ്രസ് ചരിത്രത്തിൽ ഏറ്റവും കൂടുതൽ സീറ്റുകൾ കരസ്ഥമാക്കിയ തിരഞ്ഞെടുപ്പായിരുന്നു ഇത്. ഈ കടുത്ത തോൽവിയുടെ പൂർണ ഉത്തരവാദിത്തം ആർക്കാണെന്ന് ചോദിച്ചാൽ, ഇടതുമുന്നണിയുടെ ക്യാപ്റ്റനായിരുന്ന പിണറായി വിജയനു മാത്രമാണെന്ന് നിസംശയം പറയാം.

സി.പി.എമ്മിൽ സ്ഥാനാർഥി നിർണയത്തെത്തുടർന്നുള്ള അഭിപ്രായ വ്യത്യാസങ്ങൾ മൂലം ജി സുധാകരനും പി.കെ ശശിയും ഉൾപ്പെടെയുള്ള നേതാക്കൾ പാർട്ടി വിട്ടപ്പോഴും തുടർഭരണം നേടുമെന്ന ഉറച്ച വിശ്വാസത്തിലായിരുന്നു പിണറായിയും കൂട്ടരും. ഒരു പതിറ്റാണ്ട് കേരള രാഷ്ട്രീയത്തെയും സി.പി.എമ്മിനെയും മുന്നിൽ നിന്നു നയിച്ച പിണറായി യുഗത്തിന്റെ അവസാനം കുറിക്കുകയാണ് വൻവിജയത്തിലൂടെ യു.ഡി.എഫ് ചെയ്തത്. ഇടതുമുന്നണിയിലും സി.പി.എമ്മിലും ചോദ്യം ചെയ്യപ്പെടാനാവാത്ത നേതാവായിരുന്ന പിണറായിക്ക് തന്നെ പരാജയത്തിന്റെ പഴി ഏറ്റെടുക്കേണ്ടിവരും. മന്ത്രിമാരുടെ കൂട്ടത്തോൽവിയും മുന്നണിക്കേറ്റ കനത്ത പരാജയവും പാർട്ടിയുടെ തരംതാഴ്ത്തലിനും പരസ്യശാസനയ്ക്കും അതീതനായ പിണറായിയുടെ പാർട്ടിയിലുള്ള കരുത്ത് വല്ലാതെ ചോർത്തും. അതോടൊപ്പം പാർട്ടിക്ക് ഉള്ളിലും പുറത്തും ഉയരുന്ന വിമർശനങ്ങൾക്ക് അദ്ദേഹം സമാധാനം പറയേണ്ടിവരും.

പിണറായി തന്നെ പ്രതിപക്ഷ നേതാവ് ആകുമോയെന്ന കാര്യത്തിൽ പാർട്ടി നേതൃത്വത്തിനു പോലും കൃത്യമായ ഉത്തരം ഇപ്പോഴില്ല. അദ്ദേഹം അതിനു തയ്യാറല്ലെങ്കിൽ മാത്രമേ മറ്റുള്ളവരെ പാർട്ടി പരിഗണിക്കൂ. പരാജയത്തിന്റെ ഉത്തരവാദിത്വം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദനും ഏറ്റെടുക്കേണ്ടി വരും. അടുത്ത പാർട്ടി സെക്രട്ടേറിയറ്റിൽ പിണറായിയുടെയും എം.വി ഗോവിന്ദന്റെയും രാഷ്ട്രീയഭാവി നിശ്ചയിക്കപ്പെടും. തിരഞ്ഞെടുപ്പ് ഫലം കേവലമൊരു ഭരണമാറ്റം മാത്രമല്ല. ഭരണത്തുടർച്ച നഷ്ടപ്പെട്ടതോടെ കേരള രാഷ്ട്രീയത്തെ നിയന്ത്രിക്കുന്ന പല നേതാക്കളുടെയും ഭാവിയും അസ്തിത്വവും കൂടിയാണ് ചോദ്യം ചെയ്യപ്പെടുന്നത്.

കേരള രാഷ്ട്രീയ ചരിത്രത്തിൽ സമീപകാലത്തൊന്നും സംഭവി

**കേരള രാഷ്ട്രീയത്തിൽ ബി.ജെ.പി നിർണായക ശക്തിയായി മാറുമെന്ന് സൂചിപ്പുക്കുന്നതാണ് അവരുടെ 3 സീറ്റുകളിലെ വിജയം. നിരവധി സീറ്റുകളിൽ അവർ നേരിയ വ്യത്യാസത്തിൽ രണ്ടാം സ്ഥാനത്തെത്തുകയും ചെയ്തു. ഒ രാജഗോപാലിലൂടെ നേമത്ത് 2026–ൽ ബി.ജെ.പി തുറന്ന അക്കൗണ്ട് 2021–ൽ പൂട്ടിയെങ്കിലും ഇത്തവണ നേമത്തിന് പുറമെ ചാത്തന്നൂരും കഴക്കൂട്ടവുമാണ് ബി.ജെ.പി താമര വിരിയിച്ചത്.**


ക്കാത്ത തിളക്കമാർന്ന വിജയവുമായാണ് യു.ഡി.എഫ് അധികാരത്തിലേക്ക് തിരിച്ചെത്തുന്നത്. വിജയത്തിന് ചുക്കാൻ പിടിച്ചത് പ്രതിപക്ഷ നേതാവ് വി.ഡി സതീശനാണ്. ഒപ്പം ദേശീയ തലത്തിൽ കോൺഗ്രസിന്റെ കരുത്തനായ എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി വേണുഗോപാൽ, മുതിർന്ന നേതാവ് രമേശ് ചെന്നിത്തല എന്നിവരും നിർണായക പങ്ക് വഹിച്ചു. ഇനി ഇവരുടെ ലക്ഷ്യങ്ങളും മുഖ്യമന്ത്രി പദത്തിലേക്കുള്ള ചരടുവലികളുമാണ് യു.ഡി.എഫ് ക്യാമ്പിലെ പ്രധാന ചർച്ചയായി വരും ദിവസങ്ങളിൽ മാറുന്നത്. മുന്നണി പരാജയപ്പെട്ടാൽ താൻ പൂർണമായി രാഷ്ട്രീയ വനവാസത്തിന് പോകും എന്ന് വി.ഡി സതീശൻ പറഞ്ഞത് വൻ രാഷ്ട്രീയ ചർച്ചയ്ക്ക് തിരികൊളുത്തിയിരുന്നു.

സമുദായ സമവാക്യങ്ങളെയും പാർട്ടിക്കുള്ളിലെ കടുത്ത സമ്മർദങ്ങളെയും അദ്ദേഹം കൃത്യമായി അതിജീവിച്ചു. വളരെ ശക്തമായ തീരുമാനങ്ങളിലൂടെയാണ് സതീശൻ യു.ഡി.എഫിനെ അധികാരത്തിലെത്തിച്ചത്. ഇതര കോൺഗ്രസ് നേതാക്കളിൽ നിന്ന് സതീശനെ വ്യത്യസ്തനാക്കുന്നത് അദ്ദേഹത്തിന്റെ ചില ഉറച്ച നിലപാടുകളും ഉചിതമായ തീരുമാനങ്ങൾ എടുക്കുന്നതിലെ വേഗതയുമാണ്. സമുദായ സംഘടനകളോട് ഒരു തരത്തിലുള്ള വിട്ടുവീഴ്ചയ്ക്കും അദ്ദേഹം തയ്യാറായില്ല. 2026 ജനുവരിയിൽ എൻ.എസ്.എസും എസ്.എൻ.ഡി.പിയും സംയുക്തമായി സതീശനെതിരെ രംഗത്തുവന്നിരുന്നു. അവർ രണ്ടുപേരും അദ്ദേഹത്തിനെതിരെ വലിയ പരസ്യ വിമർശനം ഉന്നയിച്ചു. സതീശനെ എങ്ങനെയെങ്കിലും നിയന്ത്രിക്കാൻ അവർ കോൺഗ്രസ് നേതൃത്വത്തോട് ആവശ്യപ്പെടുകയും ചെയ്തു.

കോൺഗ്രസിനുള്ളിലും സതീശൻ ചില ശക്തമായ തീരുമാനങ്ങൾ എടുത്തിരുന്നു. സ്ത്രീ പീഡനക്കേസിൽപ്പെട്ട രാഹുൽ മാങ്കൂട്ടത്തിലിനെ പാർട്ടിയിൽ നിന്ന് പുറത്താക്കാനുള്ള തീരുമാനത്തിൽ അദ്ദേഹം പൂർണമായും ഉറച്ചുനിന്നു. ഇതിനൊപ്പം പി.വി അൻവർ വിഷയത്തിലും സൈബർ ഇടങ്ങളിൽ വലിയ വിമർശനങ്ങൾ ഉയർന്നപ്പോഴും സതീശൻ പിന്നോട്ട് പോയില്ല. അദ്ദേഹം എടുത്ത ഇത്തരം വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ കോൺഗ്രസ് അണികളിൽ വലിയ ആവേശം ഉണ്ടാക്കി. ആ തീരുമാനങ്ങൾ അന്തിമമായി ശരിയായിരുന്നുവെന്നാണ് ജനവിധി തെളിയിക്കുന്നത്. കേരളാ കോൺഗ്രസിന്റെ സമ്പൂർണ തോൽവിക്കും കേരളം സാക്ഷ്യം വഹിച്ചിരിക്കുന്നു. തിരഞ്ഞെടുപ്പിന് മുമ്പ് യു.ഡി.എഫിയേക്ക് മടങ്ങിപ്പോകാനുള്ള ജോസ് കെ മാണിയുടെ തീരുമാനത്തിന് തടയിട്ടത് മന്ത്രി റോഷി അഗസ്റ്റിനും റാന്നി എം.എൽ.എ പ്രമോദ് നാരായണനും ആയിരുന്നു. അവരും യു.ഡി.എഫ് തരംഗത്തിൽ ഒലിച്ചുപോയി.

കേരള രാഷ്ട്രീയത്തിൽ ബി.ജെ.പി നിർണായക ശക്തിയായി മാറുമെന്ന് സൂചിപ്പുക്കുന്നതാണ് അവരുടെ 3 സീറ്റുകളിലെ വിജയം. നിരവധി സീറ്റുകളിൽ അവർ നേരിയ വ്യത്യാസത്തിൽ രണ്ടാം സ്ഥാനത്തെത്തുകയും ചെയ്തു. ഒ രാജഗോപാലിലൂടെ നേമത്ത് 2026-ൽ ബി.ജെ.പി തുറന്ന അക്കൗണ്ട് 2021-ൽ പൂട്ടിയെങ്കിലും ഇത്തവണ നേമത്തിന് പുറമെ ചാത്തന്നൂരും കഴക്കൂട്ടവുമാണ് ബി.ജെ.പി താമര വിരിയിച്ചത്. കേരളത്തിന്റെ മുന്നണി രാഷ്ട്രീയത്തിൽ വിലപേശാൻ കഴിയുന്ന ശക്തിയായ വളരാനും ഒരുപക്ഷേ ഭരണം തന്നെ പിടിച്ചെടുക്കാനും കെൽപ്പുള്ള മുന്നണിയായി മാറാനും ബി.ജെ.പിക്കും എൻ.ഡി.എക്കും സാധിക്കുമെന്നാണ് അനുമാനിക്കേണ്ടത്. കേന്ദ്രത്തിൽ സംഭവിച്ചതും അതു തന്നെയാണല്ലോ.







# ABEL'S GARDEN PVT LTD

**Karimannoor P.O. Thodupuzha, Idukki,**
**Kerala, India PIN. 685581**
**Email/ Phone : hello@abelsgarden.in**
**Tel:+917034413000, +917034643000, +919778050077**

# തകർന്നടിഞ്ഞ ഗർവ്വിന്റെ കൊട്ടാരം





**നടപ്പാതയിൽ ഇന്ന് -139**

**ബാബു പാറയ്ക്കൽ**

പിണറായി വിജയൻറെ ദുർഭരണത്തിനറുതി വരുത്തിക്കൊണ്ട് കേരളം ഒന്നാകെ വിധിയെഴുതി. എല്ലാ സർവ്വേകളെയും എക്സിറ്റ് പോളുകളെയും കാറ്റിൽ പറത്തി അതുക്കും മേലേയുള്ള ഭൂരിപക്ഷത്തിൽ യു ഡി എഫ് കേരളം തൂത്തുവാരി. എൽ ഡി എഫ് ൻറെ ചരിത്രത്തിൽ ഏറ്റവും നാണം കെട്ട തോൽവിയായി ഈ തെരഞ്ഞെടുപ്പ് പരിണമിച്ചു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ 99 സീറ്റുകളുമായി തുടർഭരണം നേടി അധികാരത്തിൽ വന്ന എൽ ഡി എഫ് ന് എന്താണ് സംഭവിച്ചത്? ഈ വമ്പൻ തോൽവി എന്ത് പാഠമാണ് നമുക്കു നൽകുന്നത്? ഈ വമ്പൻ വിജയം യു ഡി എഫ് നു ഗുണം ചെയ്യുമോ? കേരളത്തിലെ ഏതു കൊച്ചുകുട്ടിയോടു പോലും ചോദിച്ചാൽ പറയും എൽ ഡി എഫ് ൻറെ തോൽവിയുടെ കാരണം എന്താണെന്ന്. പിണറായിയുടെ ധാർഷ്ട്യതയും അഹങ്കാരവും ഏകാധിപത്യ പ്രവണതയും ആണ്. എന്നാൽ പിണറായിയുടെ ഷൂസിൽ നിന്നു ചിന്തിച്ചാൽ അദ്ദേഹത്തെ അതിൽ കുറ്റപ്പെടുത്താനാകുമോ? കാരണം, അദ്ദേഹം എങ്ങനെയാണ് അധികാരത്തിൽ വന്നത് എന്നോർക്കണം.

ജനപ്രിയനായ, വികസന കാഴ്ചപ്പാടുകളോടെ കേരളത്തെ ഉയർച്ചയിലേക്കു നയിച്ചുകൊണ്ടിരുന്ന, ഒരു ഭരണാധികാരിയെ എവിടെ നിന്നോ ഒരു പെണ്ണിനെ കൊണ്ടുവന്ന് ഇല്ലാത്ത പീഡനകഥകളുണ്ടാക്കി അദ്ദേഹത്തെ തേജോവധം ചെയ്ത് ജനങ്ങളിൽ വെറുപ്പുളവാക്കിയാണ് അധികാരം നേടിയെടുത്തത്. അതിൽ യാതൊരു മനഃസ്സാക്ഷിക്കുത്തുമില്ലാതെ സിംഹാസനത്തിൽ ഇരുന്നു കഴിഞ്ഞപ്പോൾ അദ്ദേഹം കേരള ജനതയെ അളന്നു. എന്തു ചെപ്പടിവിദ്യ കാണിച്ചാലും വിശ്വസിക്കുന്നവരാണവർ എന്നദ്ദേഹം മനസ്സിലാക്കി. മുഖ്യമന്ത്രിക്കുപ്പായം തയ്പ്പിച്ചു പോക്കറ്റിൽ കൊണ്ടുനടന്ന മറുപക്ഷത്തെ ചിലരുടെ സഹായവും ഈ മ്ലേച്ഛ പ്രവർത്തിക്കു സഹായകമായി എന്നതും ഒരു യാഥാർഥ്യമാണ്. പ്രളയവും കൊറോണയും ഉരുൾപൊട്ടലും പോലെയുള്ള മഹാ ദുരന്തങ്ങൾ അരങ്ങേറിയപ്പോൾ മഹാമനസ്കരായ മലയാളികൾ അകമഴിഞ്ഞു മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ പ്രക്രിയകൾക്കു ഭാഗഭാക്കുകളായി. എന്നാൽ, സർക്കാരിന്റെ ലക്ഷ്യം മറ്റൊന്നായിരുന്നു. കിറ്റുകൾ പോലെയുള്ള നക്കാപ്പിച്ച നൽകിയപ്പോഴും ജനം ചേർത്തു പിടിച്ചപ്പോൾ ഒരു രാജാവിനെപ്പോലെ സിംഹാസനത്തിലിരുന്നദ്ദേഹം ആർത്തു ചിരിച്ചു.

മന്ത്രിസഭയിൽ, പ്രവർത്തന ശേഷിയും ആത്മാർത്ഥതയുമുള്ള മന്ത്രിമാർ തന്നെക്കാൾ ജനസമ്മതിയുള്ളവരാണെന്നു മനസ്സിലാക്കിയപ്പോൾ അവരെ വെട്ടിയൊതുക്കി, കഴിവുകെട്ട


കുറേയെണ്ണത്തിനെ കെട്ടിയിറക്കി ആ സ്ഥാനങ്ങളിലിരുത്തി. ഒരു ഏകാധിപതി പട്ടാളത്തെ നിയന്ത്രിക്കുന്നതുപോലെ പോലീസിനെ സ്വന്തം ചൊൽപ്പടിയിലൊതുക്കി അവരെ പിണറായിസേനയായി മാറ്റിയെടുത്തു. വിമർശിക്കുന്നവരുടെമേൽ കള്ളക്കേസുകളെടുത്തും പീഡനക്കേസുകളിലൊതുക്കിയും ഭീതി വളർത്തി. ഖജനാവിൽ പണമില്ലെങ്കിലും കടമെടുത്ത് എല്ലാ ആഢംബരങ്ങളും അനുഭവിച്ച് അർമ്മാദിച്ചു. എന്തെങ്കിലും നക്കാപ്പിച്ച കിട്ടിയാലാകട്ടെ എന്ന് കരുതി ഈ അധർമ്മത്തിന്റെ ഭാഗഭാക്കുകളായ സ്തുതിപാഠകരാൽ രാജാവ് ചുറ്റപ്പെട്ടു. അതുകൊണ്ടുതന്നെ എപ്പോഴും നമ്മളാണ് എല്ലാറ്റിലും ' നമ്പർ വൺ' എന്നവർ പറയുന്നത് കേട്ട് അദ്ദേഹം ആത്മനിർവൃതി കൊണ്ടു. പുറംലോകത്തെ യഥാർത്ഥ ചിത്രം അദ്ദേഹം കണ്ടില്ല.

42 സുരക്ഷാവാഹനങ്ങളുടെ അകമ്പടിയോടെ ഒഴിഞ്ഞ നിരത്തിൽ കൂടി വെടിയുണ്ടയുടെ വേഗത്തിൽ ചീറിപ്പാഞ്ഞു യാത്ര ചെയ്ത അദ്ദേഹം നിരത്തിലെ സാധാരണക്കാരൻറെ പ്രശ്നങ്ങൾ മനസ്സിലാക്കിയില്ല. പണ്ട് മുഖസ്തുതി പാടുന്നവർക്ക് രാജാവ് സ്വർണ്ണനാണയങ്ങൾ പാരിതോഷികം നൽകിയിരുന്നതുപോലെ ചുറ്റും കൂടിയിരുന്നവർക്കു പിൻവാതിൽ നിയമനവും അഴിഞ്ഞാടുവാനുള്ള ലൈസൻസും നൽകിയപ്പോൾ അവരുടെ എണ്ണം പെരുകി. വിദേശത്തും ഇങ്ങനെയുള്ള സ്തുതിപാഠകരായ പാണന്മാർ ഉണ്ടായി. അവർക്കൊക്കെയും എന്തെങ്കിലും അപ്പക്കഷണങ്ങളുടെ പങ്ക് കിട്ടുന്നുണ്ടായിരിക്കണം. തൻറെ മകൾക്കും മകനും മരുമകനും കൊച്ചുമക്കൾക്കുമൊക്കെ പലരും പാരിതോഷികം നൽകിയപ്പോൾ അവർ ആവശ്യപ്പെട്ടതൊക്കെ അവർക്കു നൽകി. താൻ ഏതു രാജ്യത്തിന്റെ രാജാവാണെന്നോ ആരാണ് തന്നെ സിംഹാസനത്തിൽ കയറ്റിയിരുത്തിയതെന്നോ താൻ പ്രതിനിധാനം ചെയ്യുന്ന പ്രത്യയശാസ്ത്രം എന്താണെന്നോ ചിന്തിക്കാൻ അദ്ദേഹത്തിന് അവസരമുണ്ടായില്ല. പറഞ്ഞു മനസ്സിലാക്കേണ്ട രാജഗുരു 39 ട്രെയിൻ ഇങ്ങോട്ടും 39 ട്രെയിൻ അങ്ങോട്ടും പോകുന്നതിൽ കയറി അപ്പം വിൽക്കാൻ പോയിരിക്കുകയായിരുന്നു. ജനാധിപത്യ രീതിയിൽ പഞ്ചവത്സരായുസു മാത്രമാണ് ആ സിംഹാസനത്തിനുള്ളതെന്നു പോലും അദ്ദേഹം ഓർത്തില്ല. അത് മനസ്സിലാക്കിയപ്പോൾ കൂടെനിന്നവർ അദ്ദേഹത്തോടു പറഞ്ഞു, 'വീണ്ടും നമുക്ക് തുടർഭരണം കിട്ടും എന്നാണ് രഹസ്യാന്വേഷണ വിഭാഗത്തിലുള്ള നമ്മുടെ ഭടന്മാർ അറിയിച്ചിരിക്കുന്നത്.'

ആഡംബരത്തിന്റെയും സുഖലോലുപതയുടെയും അപാരതയിൽ അഭിരമിച്ചു ശീലിച്ചപ്പോൾ, തന്നെ അവിടെ വരെ എത്തിച്ച പ്രത്യയശാസ്ത്രത്തെ ഭാവിയിൽ തനിക്കു ഭീഷണിയുണ്ടാക്കിയേക്കാം എന്ന് കരുതി അതിനെ കൊന്നുകുഴിച്ചുമൂടുവാൻ തുനിഞ്ഞപ്പോൾ ആത്മാർത്ഥതയുള്ള ചില പാർട്ടി പ്രവർത്തകർ വിഘടനവാദികളായി അതിനു കൃത്രിമ ശ്വാസോഛ്വാസം നൽകുവാൻ തീരുമാനിച്ചു. അപ്പോഴും ബുദ്ധിഭ്രമം ബാധിച്ച രാജഗുരുവും രാജസദസ്സിലെ മന്ത്രിമാരും അനുചരന്മാരും അദ്ദേഹത്തെ ധൈര്യപ്പെടുത്തി, ' നമുക്ക് തുടർഭരണമാണ്, ധൈര്യമായിരിക്കൂ.'

ഒടുവിൽ അമർഷം പുകഞ്ഞുനിന്ന സാധാരണ ജനങ്ങളുടെ നെഞ്ചിൽ നിന്നുമുതിർന്ന ചുടു നിശ്വാസങ്ങൾ ജനഹിതത്തിന്റെ രൂപത്തിൽ കൊടുങ്കാറ്റായി വീശിയപ്പോൾ കൊട്ടാരവാതിലുകൾ തെറിച്ചു പോയി. സിംഹാസനത്തിന്റെ നാല് കാലുകളും ഒടിഞ്ഞു രാജാവ് നടുവും തല്ലി വീണു. സഹായത്തിനായി രാജസദസ്സിലേക്കു നോക്കി 'ആരവിടെ' എന്ന് ചോദിച്ചതിന് മറുപടിയില്ലാതെ വന്നപ്പോഴാണറിഞ്ഞത് ആ മന്ത്രിമാരെല്ലാം തകർന്നു വീണ കൊട്ടാരത്തിന്റെ ശിലകൾക്കടിയിലാണെന്ന്. നടുവിന് ചികിത്സിക്കാനായി ആരോഗ്യ മന്ത്രിയെ വിളിച്ചപ്പോൾ ആ വീഴ്ച്ചയിൽ കഴുത്തുളുക്കി അവർ കിടക്കുകയാണെന്നാണറിഞ്ഞത്. എങ്കിൽ അടുത്തുള്ള വിദ്യാഭ്യാസ മന്ത്രിയെ വിളിക്കാമെന്നു കരുതിയപ്പോഴാണറിയുന്നത് അദ്ദേഹം ജയിച്ച ആളിന്റെ ഭൂരിപക്ഷം എങ്ങനെ തൊള്ളായിരത്തി അറുന്നൂറ്റി മുപ്പത്തിനാല് ആയി എന്ന് കണക്കുകൂട്ടുന്ന തിരക്കിലാണെന്ന്.

എങ്ങനെയെങ്കിലും തന്റെ വിശ്വവിഖ്യാതമായ, വിദേശത്തു നിന്നും ഇറക്കുമതി ചെയ്ത, വെള്ളക്കുതിരയുടെ പുറത്തു കയറി അതിവേഗം ഏതെങ്കിലും വിദേശ രാജ്യത്തേക്ക് പോകാമെന്നു കരുതി ഒരു വിധം പിടിച്ചെഴുന്നേറ്റു ചെന്നപ്പോൾ ആ കുതിരപ്പുറത്തു മറ്റാരോ കയറി ഇരിക്കുന്നു. അദ്ദേഹം സിംഹാസനത്തിൽ ആയിരുന്നപ്പോൾ ഉണ്ടായിരുന്ന ഗർവ്വോടെ ആക്രോശിച്ചു, 'ആരാണ് നീ?'' തകർന്നടിഞ്ഞ കൊട്ടാരത്തിന്റെ ചിതറി തെറിച്ചു കിടക്കുന്ന ശിലകളിൽ നിന്നും ഒരു ശബ്ദമുയർന്നു, 'കടക്കൂ പുറത്ത്.'




സിംഹാസനം നഷ്ടപ്പെട്ട രാജാവ് തിരിഞ്ഞു നോക്കി. മുകളിൽ നിന്നും ഒരശരീരി ഉയർന്നു, 'സത്യത്തിൽ അവൻ നീതിമാനായിരുന്നു.'

# ഒക്കലഹോമ സെന്റ് ജോർജ് പള്ളിയിൽ വിശുദ്ധ ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാളും പുതിയ ഹാളിന്റെ കൂദാശയും നടത്തപ്പെട്ടു



ഒക്കലഹോമ: സെൻറ് ജോർജ് സുറിയാനി ഓർത്തഡോക്സ് പള്ളിയിൽ വിശുദ്ധ ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാളും പുതിയതായി നിർമ്മിച്ച ജോർജിയൻ ഹാളിന്റെ കൂദാശയും ഏപ്രിൽ 24, 25 തീയതികളിൽ നടത്തപ്പെട്ടു.




ഏപ്രിൽ 24ന് സന്ധ്യാ പ്രാർത്ഥനക്ക് ശേഷം ജോർജിയൻ ഹാളിന്റേയും പാഴ്സനേജിന്റേയും കൂദാശയും പബ്ലിക് മീറ്റിങ്ങും വിവിധ സാംസ്കാരിക പരിപാടികളും നടത്തപ്പെട്ടു.

ഏപ്രിൽ 25 ശനിയാഴ്ച രാവിലെ 9 തിന് വിശുദ്ധ മൂന്നിന്മേൽ കുർബാനയും പെരുന്നാൾ സന്ദേശവും പ്രദക്ഷിണവും ആശിർവാദവും നടത്തപ്പെട്ടു.

കൂദാശക്കും വിശുദ്ധ മൂന്നിന്മേൽ കുർബാനക്കും അമേരിക്കൻ അതിഭദ്രാസനാധിപൻ അഭിവന്ദ്യ എൽദോ മോർ തീത്തൂസ് മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ട് മുഖ്യ കാർമികത്വം വഹിച്ചു. ശുശ്രൂഷകളിൽ വന്ദ്യ വി.എം.തോമസ് കോർ എപ്പിസ്കോപ്പാ, ഭദ്രാസന സെക്രട്ടറി റവ. ഫാ. പോൾ തോട്ടക്കാട്, റവ.ഫാ. ഏലിയാസ് അരാമത്ത്, റവ.ഫാ. ബാബു പെരിങ്ങോൾ, റവ.ഫാ. ബേസിൽ എബ്രഹാം എന്നീ വൈദികർ പങ്കെടുത്തു. വിശുദ്ധ ഗീവർഗീസ് സഹദായുടെ

മധ്യസ്ഥതയിൽ അഭയപ്പെട്ടുകൊണ്ട് നടത്തപ്പെട്ട ഈ പെരുന്നാളിന് വികാരി റവ.ഫാ. ബൈജു മാത്യു നേതൃത്വം കൊടുത്തു. ഇടവകയുടെ വൈസ് പ്രസിഡന്റ് ജേക്കബ് മാത്യു, സെക്രട്ടറി ജോവിൻ ജോസ്, ട്രഷറർ ടോം മത്തായി എന്നിവരും കമ്മിറ്റി അംഗങ്ങളും ഇടവക വിശ്വാസികളും പെരുന്നാളിന്റെ വിജയത്തിന് സജീവമായി പ്രവർത്തിച്ചു.









TEAM
VOICE OF FOMAA
2026-28
Biju Thonikadavil
For President
Paul P. Jose
For General Secretary
Pradeep Nair
For Treasurer
Samuel Mathai
For Vice President
Dr. Manju Pillai
For Joint Secretary
Johnson Kannookaden
For Joint Treasurer
KINDLY REQUESTING
YOUR SUPPORT AND PRAYERS...

# മലയാളി ബാലൻ മൈക്കിൾ മാത്യു വാൾട്ട് വിറ്റ്മാൻ കവിതാ മത്സരത്തിൽ ഒന്നാം സ്ഥാനത്ത്



പോൾ ഡി പനക്കൽ

അമേരിക്കൻ കവിത-ലേഖന-പത്രപ്രവർത്തന ലോകത്തെ ആചാര്യന്മാരിൽ ഒരാളായ വാൾട് വിറ്റ്മാന്റെ ജന്മസ്ഥലം സംരക്ഷിക്കുന്ന വാൾട്ട് വിറ്റ്മാൻ ബെർത്ത്പ്ളേസ് അസോസിയേഷന്റെ നാല്പതാമത് വാർഷികത്തോടനുബന്ധിച്ചു നടത്തിയ കവിതാ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിക്കൊണ്ട് എട്ടു വയസ്സുകാരൻ മൈക്കിൾ മാത്യു എന്ന മലയാളി ബാലൻ ശ്രദ്ധേയനായി. ആയിരത്തി അറുന്നൂറിൽ അധികം കുട്ടികൾ പങ്കെടുത്ത മത്സരത്തിലാണ് മൈക്കിൾ 'ഫസ്റ്റ് പ്ലേസ് ഗ്രാൻഡ് ചാമ്പ്യൻ' എന്ന സ്ഥാനം നേടിയത്. മൈക്കിളിന്റെ കവിതയിലെ സർഗ്ഗാൽമകതയും കവിതയുടെ ശൈലിയും ജൂറിയുടെ പ്രത്യേക പ്രശംസയും വിലമതിപ്പും നേടി.

വാൾട് വിറ്റ്മാന്റെ ജന്മ സ്ഥലമായ ലോങ്ങ് ഐലൻഡിലെ ഹണ്ടിങ്ടണിൽ മെയ് മുപ്പത്തിയൊന്നിനു അനേകം പ്രമുഖർ പങ്കെടുക്കുന്ന അവാർഡ് ദാന സമ്മേളനത്തിൽ മൈക്കിൾ തന്റെ കവിത അവതരിപ്പിക്കുകയും ബഹുമതി സ്വീകരിക്കുകയും ചെയ്യും.



അമേരിക്കൻ കാവ്യ ലോകത്ത് ഒരു ഭാവി വാഗ്ദാനം ആയേക്കാവുന്ന മൈക്കിൾ ന്യൂ ഹൈഡ് പാർക് ഹിൽസൈഡ് ഗ്രേഡ് സ്കൂളിൽ മൂന്നാം ക്ലാസ് വിദ്യാർഥിയാണ്. അഭിമാനിതരായ മാതാപിതാക്കൾ മോബൻ - ആൻസി മാത്യു ദമ്പതികൾ.

# കരുത്തുറ്റ മാനിഫെസ്റ്റോയുമായി ലീലാ മാരേട്ടും 'ടീം എംപവറും';

## ഫൊക്കാന തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ആവേശകരമായ തുടക്കം



ന്യൂയോർക്ക്: അമേരിക്കൻ മലയാളി സംഘടനകളുടെ സംയുക്ത വേദിയായ ഫൊക്കാനയുടെ 2026-2028 കാലയളവിലേക്കുള്ള തിരഞ്ഞെടുപ്പിൽ മാറ്റത്തിന്റെ കാഹളം മുഴക്കി ലീലാ മാരേട്ടിന്റെ നേതൃത്വത്തിലുള്ള 'ടീം എംപവർ'. പാനലിന്റെ ഔദ്യോഗിക തിരഞ്ഞെടുപ്പ് പ്രചാരണ കിക്കോഫും മാനിഫെസ്റ്റോ പ്രകാശനവും ഏപ്രിൽ 25-ന് ന്യൂയോർക്കിലെ കേരള സെന്ററിൽ ആവേശകരമായ പങ്കാളിത്തത്തോടെ നടന്നു.

“”Defined by Vision, Driven by Purpose” എന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് നടത്തിയ വാർത്താസമ്മേളനത്തിലും ചടങ്ങിലും സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ള പ്രമുഖർ പങ്കെടുത്തു. കൺവെൻഷനുകൾക്ക് അപ്പുറം, സാധാരണക്കാരായ പ്രവാസികളുടെ പ്രശ്നങ്ങളിൽ നേരിട്ട് ഇടപെടുന്ന രണ്ട് വർഷത്തെ കർമ്മപദ്ധതിയാണ് പാനൽ മുന്നോട്ടുവെക്കുന്നത്.

പ്രധാന കർമ്മപദ്ധതികൾ :

യുവജന ശാക്തീകരണം: മലയാളി യുവാക്കളെ അമേരിക്കൻ രാഷ്ട്രീയത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കാൻ പരിശീലനവും ക്യാമ്പയിൻ പിന്തുണയും നൽകും. നവ സംരംഭകർക്കായി പ്രത്യേക പിന്തുണ സംവിധാനം ഒരുക്കും.

കോൺസുലേറ്റ് ഹെൽപ്പ് ഡെസ്ക്: വിസ, പാസ്പോർട്ട് സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഇന്ത്യൻ കോൺസുലേറ്റുമായി ചേർന്ന് സ്ഥിരം സംവിധാനം ഏർപ്പെടുത്തും.

പ്രവാസി നിയമസഹായം: കേരളത്തിലെ സ്വത്ത് തർക്കങ്ങൾ പരിഹരിക്കാൻ കേരള സർക്കാരുമായി സഹകരിച്ച് പ്രത്യേക സെൽ രൂപീകരിക്കും.

ക്ഷേമ പദ്ധതികൾ: ഹെൽത്ത് കാർഡ്, പ്രിവിലേജ് കാർഡ് പദ്ധതികൾ വിപുലീകരിക്കും. ഭവനരഹിതർക്കായി 'ഫൊക്കാന വില്ലേജ്' നിർമ്മാണം പൂർത്തിയാക്കും.

കായിക-കലാ രംഗം: റീജിയണൽ തലങ്ങളിൽ ക്രിക്കറ്റ്, വോളിബോൾ ടൂർണമെന്റുകളും കലാകാരന്മാർക്കായി നാടക ഉത്സവങ്ങളും സാഹിത്യ സമ്മേളനങ്ങളും സംഘടിപ്പിക്കും.

**ടീം എംപവർ പാനൽ അംഗങ്ങൾ:**

വാർത്താസമ്മേളനത്തിൽ പ്രസിഡന്റ് സ്ഥാനാർത്ഥി ലീലാ മാരേട്ട് തന്റെ 22 വർഷത്തെ സംഘടനാ അനുഭവങ്ങൾ പങ്കുവെച്ചു. പദവികൾ ഇല്ലാതിരുന്നപ്പോഴും കോൺസുലേറ്റ് വഴി നിരവധി മലയാളികളെ സഹായിച്ചിട്ടുണ്ടെന്നും അത്തരം സേവനങ്ങൾ ഫൊക്കാനയുടെ ഔദ്യോഗിക സംവിധാനമായി മാറ്റുമെന്നും അവർ പറഞ്ഞു. 40 പേർ അടങ്ങുന്ന പാനലിൽ എല്ലാ സ്റ്റേറ്റിനെയും പ്രതിനിധാനം ചെയ്യുന്നവരുണ്ടെന്നും യുവാക്കൾക്കും സ്ത്രീകൾക്കും പ്രാധാന്യം കൊടുത്തുകൊണ്ട് ഫൊക്കാനയെ കൂടുതൽ ശക്തമാക്കുകയാണ് ലക്ഷ്യമെന്നും പ്രസിഡന്റ് സ്ഥാനാർത്ഥി വ്യക്തമാക്കി.




**പത്ര സമ്മേളനത്തിൽ പങ്കെടുത്ത പാനലിലെ മറ്റ് പ്രമുഖർ:**

ജോർജ്ജ് ഓലിക്കൽ: ജനറൽ സെക്രട്ടറി സ്ഥാനാർത്ഥി.

രേവതി പിള്ള: ട്രഷറർ സ്ഥാനാർത്ഥി (നിലവിൽ വിമൻസ് ഫോറം ചെയർ).

ലാജി തോമസ്: വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥി.

ബ്രിജിത്ത് ജോർജ്: ജോയിന്റ് സെക്രട്ടറി സ്ഥാനാർത്ഥി.

ഫാൻസിമോൾ പള്ളാത്തുമഠം: അസ്സോസിയേറ്റ് ട്രഷറർ സ്ഥാനാർത്ഥി.

ഉഷ ജോർജ്ജ്: ന്യൂയോർക്ക് ആർ.വി.പി സ്ഥാനാർത്ഥി.

ശോശാമ്മ ആൻഡ്രൂസ്: നാഷണൽ കമ്മിറ്റി സ്ഥാനാർത്ഥി

സുജിത്ത് മൂലയിൽ: നാഷണൽ കമ്മിറ്റി സ്ഥാനാർത്ഥി

നിജോ പുത്തൻപുരക്കൽ: നാഷണൽ കമ്മിറ്റി സ്ഥാനാർത്ഥി

ജിൻസ് ജോസഫ്: നാഷണൽ കമ്മിറ്റി സ്ഥാനാർത്ഥി

ഫൊക്കാനയ്ക്ക് ഒരു വനിതാ നേതൃത്വം അത്യാവശ്യമായ സമയമാണിതെന്നും എല്ലാവരെയും ഉൾക്കൊള്ളുന്ന, പിളർപ്പുകളില്ലാത്ത സംഘടനയാണ്

തങ്ങളുടെ ലക്ഷ്യമെന്നും സ്ഥാനാർത്ഥികൾ ഒറ്റക്കെട്ടായി പ്രഖ്യാപിച്ചു.

ന്യൂയോർക്കിലെ ആവേശകരമായ തുടക്കത്തിന് പിന്നാലെ വരും ദിവസങ്ങളിൽ അമേരിക്കയിലെ മറ്റ് സ്റ്റേറ്റുകളിലും പ്രചാരണം ശക്തമാക്കാനാണ് ടീം എംപവറിന്റെ തീരുമാനം.

ഫൊക്കാനയിലെ ഏറ്റവും സീനിയർ ആയ നേതാവാണ് ലീല മാരേട്ട് എന്നും അവരുടെ പിന്നിൽ തങ്ങൾ അടിയുറച്ചു നിൽക്കുമെന്നും സ്ഥാനാർത്ഥികൾ വ്യക്തമാക്കി.

ഇപ്പോഴത്തെ ഭരണസമിതി ചെയ്യുന്ന എല്ലാ നല്ല കാര്യങ്ങളും തുടരുമെന്നും പുതിയവ ആരംഭിക്കുമെന്നും അവർ വ്യക്തമാക്കി. ചാരിറ്റി പ്രവർത്തനങ്ങൾ, ഭവനം പദ്ധതി എന്നിവ ശക്തിപ്പെടുത്തും. പാനലിൽ കൂടുതൽ വനിതകളുള്ളത് സംഘടനക്ക് കൂടുതൽ ശക്തി പകരും. ഇലക്ഷൻ കഴിഞ്ഞാൽ എല്ലാവരുമായും ഒത്തു പ്രവർത്തിക്കും . സംഘടനയുടെ നന്മ മാത്രമാണ് ലക്ഷ്യമിടുന്നതെന്ന് അവർ ചൂണ്ടിക്കാട്ടി.

മുൻ കാലങ്ങളിൽ ഇലക്ഷന് നിന്നപ്പോൾ നേരിട്ട പ്രശ്നങ്ങൾ ലീല മാരേട്ട് അനുസ്മരിച്ചു. ഇത്തവണ അവയൊന്നും ഉണ്ടാവില്ല. പ്രസ് ക്ലബിന് വേണ്ടി ജോസ് കാടാപ്പുറം സ്വാഗതവും ടാജ് മാത്യു നന്ദിയും പറഞ്ഞു.








# Blue Ocean
## Wealth Solutions

A member of the MassMutual Financial Group

CELEBRATING 30 Yrs Service & Commitment



**Philipose Samuel**

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning
Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning
401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products
Short-term and Long-term Disability Insurance
Health Insurance*

### Group Health insurance
Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication
Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection
Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference: 2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
**Financial Service Representative Financial Advisor**
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# വാർത്തകളിൽ പ്രകൃതി സൗന്ദര്യം വർണിക്കുന്നത് ബോധപൂർവം തന്നെ; അതിന് ബഹുമുഖ കാരണങ്ങളുണ്ട്

എ.എസ് ശ്രീകുമാർ

‘‘മലദൈവങ്ങൾ പൊന്നു സൂക്ഷിക്കുന്ന പൊൻമുടി മലനിരകളിൽ നിന്നും തണുത്ത കാറ്റുവീശുന്ന പുലർകാലം. കല്ലാർ പുഴയുടെ തീരത്തെ ആൽമരത്തിൽ നൂറിലേറെ തത്തകൾ കലപില കൂട്ടുന്നു. പ്രകൃതി സ്നേഹിയുടെ 50-ാം പിറന്നാളിന് അതിഥികളായെത്തിയത് ഈ വർണ്ണപ്പക്ഷികളാണ്. ഇളം വെയിലിൽ പച്ചപ്പരവതാനി വിരിച്ച പുഴയോരങ്ങളിൽ കൊതിയൂറും കാഴ്ചകളാണ് കരളു നിറയ്ക്കുന്നത്. കാലം തെറ്റിയെത്തിയ മഴ കടുത്തതിനാൽ ഇടുക്കിയിലെ വെള്ളച്ചാട്ടങ്ങൾ മനോഹരമാക്കാനായി നദി അങ്ങനെ നിറഞ്ഞൊഴുകിപ്പോകുന്നു, ഒപ്പം മഞ്ഞുപെയ്യുന്ന കാഴ്ച കാണാൻ വിദേശ വിനോദസഞ്ചാരികളും എത്തുകയായി...’’

കുറച്ചുനാൾ മുമ്പ് പൊൻമുടിയിലെ തെന്നൂർ വില്ലേജ് ഓഫീസിൽ നടന്ന ഒരു സാംസ്കാരിക പരിപാടി റിപ്പോർട്ട് ചെയ്ത മനോരമ പ്രത്രത്തിന്റെ ലേഖകൻ വാർത്തയ്ക്ക് കൊടുത്ത ഇൻട്രോ ആണിത്. ഇതിന്റെ ആവശ്യം എന്ത്..? നടന്ന കാര്യങ്ങൾ നേരെയങ്ങ് റിപ്പോർട്ട് ചെയ്താൽപ്പോരേ എന്ന് തോന്നിയേക്കാം. അങ്ങനെയായിരുന്നുവെങ്കിൽ അന്നവിടെ പ്രസംഗിച്ച സാംസാകാരിക മന്ത്രിയുടെ വിടുവായത്തങ്ങളായിരിക്കും ആദ്യം വരിക. അത് വായിക്കാൻ ആർക്കാണ് താത്പര്യം. ആർക്കുമില്ല. മന്ത്രിമാരുടെ നൂറുകണത്തിന് പ്രസ്താവനകളിലൊന്നായി അത് അപ്രസക്തമായിപ്പോയേനെ. എന്നാൽ പത്രലേഖകൻ തന്റെ മനോധർമ്മമനുസരിച്ച് ഇത്തരത്തിൽ വാർത്ത കളറായി അവതരിപ്പിച്ചപ്പോൾ അത് ലൈവായി, വായിക്കാനാളുമുണ്ടായി.

മലദൈവങ്ങൾ പൊന്നു സൂക്ഷിക്കുന്ന പൊൻമുടി എന്നെഴുതിയപ്പോൾ അത് വായനക്കാരെ സ്ട്രൈക്ക് ചെയ്തു. എന്തുകൊണ്ടാണ് പൊൻമുടിക്ക് ഇങ്ങനെയൊരു വിശേഷണം എന്ന് സ്വാഭാവികമായും ചിന്തിക്കും. അപ്പോൾ ആ അന്വേഷണം പുതിയൊരറിവിലേയ്ക്കാണ് വായനക്കാരെ കൊണ്ടുചെന്നെത്തിച്ചത്. മലദൈവങ്ങൾ പൊന്നു സൂക്ഷിക്കുന്ന മലയായതിനാലാണ് 'പൊൻമുടി' എന്ന പേരു വന്നതെന്ന് കാണിവിഭാഗത്തിൽപ്പെട്ട ആദിവാസികൾ വിശ്വസിക്കുന്നു. കല്ലാർ പുഴയും



ആൽമരവും തണുത്ത കാറ്റുമൊക്കെ വായനക്കാരനെ അവിടേക്ക് എത്തിക്കുന്നു. പച്ചപ്പരവതാനിയും ഇളംവെയിലും വർണപ്പക്ഷികളുമൊക്കെ ആ വാർത്തയ്ക്ക് ജീവൻ നൽകുന്നു. അത് വായിക്കുമ്പോൾ ആ മീറ്റിങ്ങ് വാസ്തവത്തിൽ നമുക്ക് അനുഭവ വേദ്യമാവുകയാണ് ചെയ്യുന്നത്.

എന്നാൽ ഇങ്ങനെ പ്രകൃതിയെ വർണിച്ച് വാർത്തയെഴുതുന്നത് പിടിക്കാത്ത അരസികൻമാർ നമ്മുടെ ഇടയിലുണ്ട്. ഇക്കാര്യത്തിൽ അവർക്ക് പല ഗൂഢമായ താത്പര്യങ്ങൾ ഉണ്ടായിരിക്കാം. ഒരിക്കലും മറുപടി അർഹിക്കാത്ത അത്തരം കമന്റുകളുടെ പിന്നാലെ പോകേണ്ട കാര്യവുമില്ല. ഇന്ന് മാധ്യമ പ്രവർത്തനം ഏറ്റവും കൂടുതൽ ചേർന്ന് നിൽക്കുന്നത് പ്രകൃതിയോടാണ്. കമ്മ്യൂണിറ്റി വാർത്തകളിൽ പ്രകൃതി സൗന്ദര്യത്തിന്റെ വിവരണം ഒരു അലങ്കാരം മാത്രമല്ല, അതിന് സാമൂഹികവും സാംസ്കാരികവുമായ വലിയ പ്രാധാന്യമുണ്ട്. പച്ചവിരിച്ച നെൽപ്പാടങ്ങളും...പ്രകൃതിയെന്ന ശിൽപിയൊരുക്കിയ കുന്നുകളും താഴ്വരകളും...ഭൂമിക്ക് അരഞ്ഞാണമായ നദികളും...മന്ദമാരുതന്റെ തലോടലും...വസന്തത്തിന്റെ വിരുന്നും ഒക്കെ അവിടങ്ങളിലുള്ളവരുടെ ജീവിതരീതിയെയും അവരുടെ സംസ്കാരത്തെയും അടയാളപ്പെടുത്തുന്നു. അതുകൊണ്ട് തന്നെ വാർത്തകളിൽ ഇത്തരം വിവരണങ്ങൾ നൽകുന്നത് വായനക്കാരെ പ്രസ്തുത സ്ഥലത്തോടും സംഭവങ്ങളോടും കൂടുതൽ ചേർത്ത് നിർത്തുന്നു. അതാണ് വാർത്തയുടെ ലോജിക്ക്.

മാധ്യമ രംഗം സാങ്കേതികത്തികവിന്റെ കാര്യത്തിൽ മാത്രമല്ല റിപ്പോർട്ടിങ്ങിന്റെ ശൈലിയിലും വലിയ മൽസരം നേരിടുന്ന സമയമാണിത്. സോഷ്യൽ മീഡിയ കൂടി ശക്തമായ സാന്നിധ്യമറിയിച്ചതോടെ വായനക്കരെയും പ്രേക്ഷക സമൂഹത്തെയും ആരോഗ്യപരമായി ആകർഷിക്കാൻ മാധ്യമ സ്ഥാനപങ്ങൾ പല രീതികളും അവലംബിക്കപ്പെടാറുണ്ട്. പണ്ട് വാർത്തകൾ വിരസമായിരുന്നുവെങ്കിൽ ഇന്നത് ആകർഷകമായ പദപ്രയോഗങ്ങൾ കൊണ്ട് സമ്പന്നമാണത്. പകൃതി വർണനയോ പശ്ചാത്തല വിവരണമോ രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക ചലനങ്ങളുടെ പ്രതിഫലനമോ പ്രകൃതിദുരന്തങ്ങളുടെ സ്പന്ദനങ്ങളോ ഒക്കെ വാർത്തകളിൽ ഉൾചേർക്കുമ്പോൾ അത് വ്യത്യസ്തമാവുന്നു. ഇത് മനസിലാക്കാതെ പഴയ കാളവണ്ടി യുഗത്തിൽ ജീവിക്കുന്നവരും ഉണ്ട്.

പണ്ട് മലയാള ദിനപത്രങ്ങൾ തലക്കെട്ടുകൊണ്ട് വിപ്ലവം സൃഷ്ടിക്കുന്നത് വലിയ കൗതുകമുയർത്തിയിരുന്നു. ഇന്ന് ചാനലുകളും അതേവഴിക്കാണ്. പത്രങ്ങളിൽ ടൈറ്റിൽ വീരൻമാർ തന്നെ ഉണ്ടായിരുന്നു. അവരുടെ മൽസരം ഇപ്പോഴും തുടരുന്നു. പലപ്പോഴും ഒന്നാം സ്ഥാനത്തെത്തിയിരുന്നത് മലയാള മനോരമ ദിനപ്പത്രമാണ്. ഇ.കെ നായനാർ അന്തരിച്ചപ്പോൾ മനോരമ കൊടുത്ത ടൈറ്റിൽ ''ചിരിയുടെ സഖാവിന് ലാൽസലാം...'' എന്നായിരുന്നു. ഇതിനേക്കാൾ വേറെ ഏത് തലക്കെട്ടാണ് സഖാവ് നായനാരുടെ വിയോഗ വാർത്തയ്ക്ക് കൊടുക്കാനാവുക. അതുപോലെ ശ്രീ ചിത്തിര തിരുനാൾ മഹാരാജാവ് അന്തരിച്ചപ്പോൾ മനോരമയുടെ തലക്കെട്ട് ''രാജാവ് നാടു നീങ്ങി...'' എന്നായിരുന്നു. ഇന്ന് പുതിയ കാലത്തിന്റെ വാർത്താ വഴിയിലാണ് എല്ലാവരും. തലക്കെട്ടുകളും ഇൻട്രോകളും കാലോചിതമായി പരിഷ്കരിക്കപ്പെടുന്നു...സൗന്ദര്യവൽക്കരിക്കപ്പെടുന്നു.

അതുകൊണ്ട് വാർത്ത എന്തുമായിക്കൊള്ളട്ടെ അതിന് കാരണമായ സംഭവം നടക്കുന്ന പ്രദേശത്തിന്റെ വിവരണം സ്വാഗതം ചെയ്യപ്പെടേണ്ടതാണ്. അത് വാർത്തയെ ജീവസാന്നിധ്യമുള്ളതും വിശ്വസനീയവും വായനാ സുഖമുള്ളതുമാക്കുന്നു. പ്രകൃതി സൗന്ദര്യത്തിന്റെ വിവരണം സമൂഹത്തിൽ പരിസ്ഥിതി ബോധം വളർത്തുന്നു. ഒരു പ്രദേശത്തിന്റെ സൗന്ദര്യം മാധ്യമങ്ങൾ മുഖേന പ്രചരിക്കുമ്പോൾ, അത് എന്നെന്നേയ്ക്കും സംരക്ഷിച്ച് നിലനിർത്തേണ്ടതിന്റെ ആവശ്യകതയും ജനങ്ങൾക്ക് ബോധ്യപ്പെടുന്നു. വനനശീകരണം, പ്രകൃതി മലിനീകരണം തുടങ്ങിയ പ്രശ്നങ്ങൾക്കിടയിൽ, പ്രകൃതിയുടെ മഹത്വം ഓർമ്മിപ്പിക്കുന്ന ഒരു ചെറിയ പാരഗ്രാഫ് പോലും ചെയ്യുന്നത് പാരിസ്ഥിതികമായ ബോധവൽക്കരണമാണ്. ഇതറിഞ്ഞുകൊണ്ടുതന്നെയാണ് അത്തരം റിപ്പോർട്ടുകൾ എഴുതുന്നത്. ആ രീതി ക്രിയാത്മകമായി തുടരുകയും ചെയ്യും.

വായന സുഗമമാക്കുന്ന ഇത്തരം വിവരണങ്ങൾ പ്രാദേശികമായ നമ്മുടെ അഭിമാനത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. സ്വന്തം നാട്ടിന്റെ സൗന്ദര്യം വാർത്തകളിലൂടെ വർണിക്കപ്പെടുമ്പോൾ, പ്രദേശവാസികൾക്ക് അതിൽ അഭിമാനം തോന്നുകയും നാമറിയാതെ തന്നെ ഒരു സാമൂഹിക ഐക്യം ബലപ്പെടുകയും ചെയ്യുന്നു. പ്രകൃതിസൗന്ദര്യത്തെ അവതരിപ്പിക്കുന്ന വാർത്തകൾ വിനോദസഞ്ചാര രംഗത്തും വലിയ സ്വാധീനം ചെലുത്തുന്നു. മനോഹരമായ കാഴ്ചകളെക്കുറിച്ചുള്ള വിവരണങ്ങൾ വിദേശിയരെ ആകർഷിക്കുകയും അതിലൂടെ പ്രദേശത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് അവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. പ്രകൃതി വർണന മനുഷ്യന്റെ മാനസികാരോഗ്യത്തെയും സ്പർശിക്കുന്നതാണ്. ഇത് ഒരു ശൈലി മാത്രമല്ല, സാമൂഹിക ഉത്തരവാദിത്വം നിറവേറ്റലുമാണ്. തിരക്കേറിയ ജീവിതത്തിൽ നിന്ന് മോചനം കിട്ടാൻ ദൃശ്യഭംഗിയുള്ള ഒരു വാർത്തയ്ക്കും കഴിയുമെന്നോർക്കുക. കാരണം വാർത്തകൾ പ്രദേശത്തിന്റെ ഹൃദയത്തുടിപ്പാണ്.

# ന്യൂസിറ്റി സെന്റ് ജോർജ് സിറിയൻ ഓർത്തഡോക്സ് പള്ളിയിൽ വിശുദ്ധ ഗീവർഗീസ് സഹദായുടെ പെരുന്നാൾ ഭക്ത്യാദരപൂർവ്വം കൊണ്ടാടി




ന്യൂയോർക്ക്: റോക്ക്‌ലാൻഡ്, ന്യൂസിറ്റിയിലെ സെന്റ് ജോർജ് സിറിയൻ ഓർത്തഡോക്സ് പള്ളിയിൽ വിശുദ്ധ ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ ഏപ്രിൽ 25, 26 തീയതികളിൽ ആത്മീയ ഭംഗിയോടും ഭക്തിപൂർവ്വമായ അന്തരീക്ഷത്തോടും കൂടി ആഘോഷിച്ചു. വിശ്വാസികളുടെ വലിയ പങ്കാളിത്തം കൊണ്ട് പെരുന്നാൾ അനുഗ്രഹസമൃദ്ധമായ ഒരു ആത്മീയ സംഗമമായി മാറി.

ഏപ്രിൽ 25-ന് ശനിയാഴ്ച വൈകുന്നേരം ഇടവക വികാരി വന്ദ്യ ഗീവർഗീസ് ചട്ടത്തിൽ കോർഎപ്പിസ്കോപ്പ പ്രാർത്ഥനയോടെ പെരുന്നാൾ കൊടിയേറ്റം നടത്തിയതോടെ ചടങ്ങുകൾക്ക് തുടക്കമായി. തുടർന്ന് സന്ധ്യാപ്രാർത്ഥന, സുവിശേഷ സന്ദേശം, പ്രദക്ഷിണം (റാസ), ആശീർവാദം, സദ്യ എന്നിവ നടന്നു. സുവിശേഷ സന്ദേശം നൽകിയത് റവ. ഫാ. ബെൽസൺ പൗലോസ് കുര്യാക്കോസ് ആയിരുന്നു. അദ്ദേഹത്തിന്റെ സന്ദേശം വിശ്വാസികൾക്ക് വലിയ ആത്മീയ ഉണർവേകി.വിവിധ ഇടവകകളിൽ നിന്നായി അനേകം വൈദീകർ ചടങ്ങുകളിൽ പങ്കെടുത്തു.

ഞായറാഴ്ചയായ ഏപ്രിൽ 26-ന് നടന്ന പ്രധാന തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചത് അമേരിക്കൻ അതിഭദ്രാസനാധിപനും പാത്രിയാർക്കൽ വികാരിയുമായ അഭിവന്ദ്യ യെൽദോ മോർ തീത്തോസ് മെത്രാപ്പോലീത്ത ആയിരുന്നു. അഭിവന്ദ്യ തിരുമേനിക്ക് ഉജ്ജ്വലമായ സ്വീകരണം നൽകി. തുടർന്ന് പ്രഭാത പ്രാർത്ഥനയും തിരുമേനിയുടെ മുഖ്യ കാർമികത്വത്തിൽ വിശുദ്ധ മൂന്നിന്മേൽ കുർബാനയും ഭക്തിപൂർവ്വം അർപ്പിക്കപ്പെട്ടു. അതിഭദ്രാസന വൈദീക സെക്രട്ടറി റവ. ഫാ. ഗീവർഗീസ് ജേക്കബും റവ. ഫാ. വറുഗീസ് കോര പരുത്തുവയലിലും സഹകാർമികരായിരുന്നു. വിശുദ്ധ ഗീവർഗീസ് സഹദായുടെ മധ്യസ്ഥതയിൽ പ്രത്യേക മദ്ധ്യസ്ഥ

emalayalee.com The Weekly




പ്രാർത്ഥനകളും നടന്നു. തുടർന്ന് വാദ്യഘോഷങ്ങളുടെ അകമ്പടിയോടുകൂടി നടന്ന പ്രദക്ഷിണവും ആശീർവാദവും വിശ്വാസികൾക്ക് ആത്മീയ ഉണർവ്വ് പകർന്നു.

സമാപനമായി നടന്ന കൊടി ഇറക്കൽ ചടങ്ങും സദ്യയും പെരുന്നാൾ ആഘോഷങ്ങൾക്ക് ഭംഗിയേകി.ന്യൂസിറ്റി സെന്റ് ജോർജ് സിറിയൻ ഓർത്തഡോക്സ് പള്ളിയിൽ വിശുദ്ധ ഗീവർഗീസ് സഹദായുടെ പെരുന്നാൾ ഭക്ത്യാദരപൂർവ്വം കൊണ്ടാടി

ഇടവക വികാരി വന്ദ്യ ഗീവർഗീസ് തോമസ് ചട്ടത്തിൽ കോറെപ്പിസ്കോപ്പയുടെയും അസോസിയേറ്റ് വികാരി റവ. ഫാ. വിവേക് അലക്സ് അച്ചന്റെയും നേതൃത്വത്തിൽ നടന്ന ഒരുക്കങ്ങൾ ശ്രദ്ധേയമായി.

ഇടവക സെക്രട്ടറി സണ്ണി പൗലോസ്, ട്രഷറർ ലാൻസ് പൗലോസ് എന്നിവരും കമ്മിറ്റി അംഗങ്ങളും മുഴുവൻ ഇടവക വിശ്വാസികളും ചേർന്ന് നടത്തിയ സമർപ്പിത പ്രവർത്തനം പെരുന്നാളിന്റെ വിജയത്തിന് കാരണമായി. വിവിധ ഇടവകകളിൽ നിന്നുമെത്തിയ വിശ്വാസികളും അതിഥികളും ആഘോഷങ്ങളിൽ സജീവമായി പങ്കെടുത്തു.

ഈ വർഷത്തെ പെരുന്നാൾ ഏറ്റെടുത്തു നടത്തിയത് ഡോ: ഷോൺ വെള്ളവള്ളിൽ, സോണിയ വെള്ളവള്ളിൽ എന്നിവരോടു ഇടവക പ്രത്യേക നന്ദി രേഖപ്പെടുത്തി. അടുത്ത രണ്ട് വർഷങ്ങളിലേക്കുള്ള പെരുന്നാൾ നടത്തിപ്പ് ഏറ്റെടുക്കാൻ ഇടവകാംഗങ്ങൾ മുന്നോട്ടുവന്നത് ഇടവകയുടെ ഐക്യബോധവും ദൃഢമായ വിശ്വാസവും സമർപ്പണ മനോഭാവവും പ്രതിഫലിപ്പിക്കുന്ന അനുഭവമായി മാറി.

വിശുദ്ധ ഗീവർഗീസ് സഹദായുടെ അനുഗ്രഹം വിശ്വാസികളുടെ ജീവിതത്തിൽ പുതുജീവനും ആത്മീയ ശക്തിയും പകർന്ന ഈ പെരുന്നാൾ, ഐക്യത്തിന്റെയും വിശ്വാസത്തിന്റെയും മനോഹര സാക്ഷ്യമായി മാറി.

പ്രസിദ്ധീകരണാർത്ഥം ജിനു കുര്യൻ പാമ്പാടി












NRS PAY
TAP, DIP, SWIPE OR KEY!
ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!
Simplify your payment acceptance.
अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।
NRS PAY
nrspay.com
✔ FREE Credit Card Reader
✔ NO Long-Term Contracts
✔ NO Hidden Fees
✔ NO Early Termination Fee
GET STARTED TODAY!
Call (877) 202-8112
or visit nrspay.com
NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.

# അംഗസംഘടനകളുടെ താത്പര്യാർത്ഥം ഫോമാ കൺവൻഷൻ 2026 ഏർളി ബേർഡ് രജിസ്ട്രേഷൻ മെയ് 31 വരെ നീട്ടി




എ.എസ് ശ്രീകുമാർ

ഹൂസ്റ്റൺ: നിരവധി അംഗസംഘടനകളുടെ അഭ്യർത്ഥന മാനിച്ച് ഫോമായുടെ ഒൻപതാം ഫാമിലി കൺവൻഷൻ 2026-നുള്ള ഏർളി ബേർഡ് രജിസ്ട്രേഷൻ മെയ് 31 വരെ നീട്ടിയെന്ന് പ്രസിഡന്റ് ബേബി മണക്കുന്നേൽ അറിയിച്ചു. ഏർളി ബേർഡ് രജിസ്ട്രേഷൻ എപ്രിൽ 30-ന് അവസാനിച്ച സാഹചര്യത്തിൽ വിവിധ റീജിയനുകളിൽ ആവേശകരമായ കൺവൻഷൻ കിക്കോഫുകൾ നടക്കുന്നതിനാലും ഡെലിഗേറ്റ്സ് ലിസ്റ്റ് പബ്ളീഷ് ചെയ്യാത്തതിനാലും അംഗസംഘടനകൾക്ക് പുറമെ ആർ.വി.പി മാരുടെയും നാഷണൽ കമ്മിറ്റി മെമ്പർമാരുടെയും താത്പര്യാർത്ഥമാണ് ഏർളി ബേർഡ് രജിസ്ട്രേഷൻ മെയ് 31 വരെ നീട്ടാൻ എക്സിക്യൂട്ടീവ് കമ്മിറ്റി തിരുമാനിച്ചതെന്ന് ബേബി മണക്കുന്നേൽ വ്യക്തമാക്കി.

ഏർളി ബേർഡ് രജിസ്ട്രേഷന് ഇതുവരെ ആവേശകരമായ പങ്കാളിത്തമുണ്ടെന്നും ഇത് ഫോമായെ ജനങ്ങൾ നെഞ്ചേറ്റുന്നതിന്റെ തെളിവാണെന്നും ബേബി മണക്കുന്നേൽ പറഞ്ഞു. നൂറ് അംഗസംഘടനകൾ തികച്ച് റിക്കാർഡ് സ്ഥാപിച്ച ഫോമാ അതിന്റെ 9-ാം നാഷണൽ കൺവൻഷനുള്ള വിപുലമായ തയ്യാറെടുപ്പുകളിലാണ്. 2008-ൽ ഫോമാ പിറന്ന അതേ മണ്ണായ ഹൂസ്റ്റണിലാണ് മറ്റൊരു ഫാമിലി കൺവൻഷന് കൂടി തിരശീല ഉയരുന്നത്. ജൂലൈ 30, 31 ആഗസ്റ്റ് 1, 2 (വ്യാഴം, വെള്ളി, ശനി, ഞായർ) തീയതികളിൽ വിഖ്യാതമായ എൻ.ആർ.ജി സ്റ്റേഡത്തിന് തൊട്ട് എതിർവശത്തുള്ള ഈ ആഡംബര ഹോട്ടൽ സമുച്ചയമായ 'വിൻധം ഹൂസ്റ്റണി'ൽ അരങ്ങേറുന്ന കൺവൻഷൻ അവിസ്മരണീയമാക്കാനുള്ള തീവ്രയജ്ഞത്തിലാണ് സംഘാടകർ.

ഫോമായുടെ ആദ്യ പ്രസിഡന്റ് ശശിധരൻ നായർ, പിന്നീട് സ്തുത്യർഹമായി സേവനമനുഷ്ഠിച്ച ജോൺ ടൈറ്റസ്, ബേബി ഊരാളിൽ, ജോർജ് മാത്യു, ആനന്ദൻ നിരവേൽ, ബെന്നി വാച്ചാച്ചിറ, ഫിലിപ്പ് ചാമത്തിൽ, അനിയൻ ജോർജ്, ഡോ. ജേക്കബ് തോമസ് എന്നിവരെല്ലാം 9-ാം കൺവൻഷന്റെ വൻ വിജയത്തിനായി പ്രവർത്തിച്ച് വരുന്നു. പ്രസിഡന്റ് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡന്റ് ഷാലൂ പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ തുടങ്ങിയവർ ഫാമിലി കൺവൻഷൻ സംബന്ധിച്ച വിവിധ കമ്മിറ്റികളുടെ തയ്യാറെടുപ്പുകൾക്ക് മേൽനോട്ടം വഹിക്കുന്നു. സുബിൻ കുമാരൻ ആണ് കൺവൻഷൻ ചെയർമാൻ.

ഏർളി ബേർഡ് രജിസ്ട്രേഷനുള്ള ലിങ്ക്: https://fomaafamilyconvention2026.com/Registration.php


സ്വർണ്ണം
വിൽക്കാൻ
ഏറ്റവും നല്ലത്
നമ്മുടെ
അച്ചായൻസ്
തന്നെ
21 Year Legacy of Trust & Quality
SINCE 2005
40+ BRANCHES
KERALA'S NO.1 GOLD BUYER
അച്ചായൻസ്
ഗോൾഡ്
916 HALLMARKED JEWELLERY
എറണാകുളം, കോട്ടയം
ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, കൊല്ലം
85900 46 916 | 90613 50 916
www.achayansgold.in
വിദേശ പഠനം / ജോലി
തുടങ്ങിയ ആവശ്യങ്ങൾക്കായി
സ്വർണ്ണം വിൽക്കുമ്പോൾ*
BRANDED TROLLEY BAG
സമ്മാനമായി നൽകുന്നു.
(4 Lakhs and above*)
FREE
FOR SPECIAL
NRI SERVICES
CONTACT: Mr. Shinil Kurian
90723 88 173

# മലയാളി റെസ്പിറേറ്ററി കെയർ അസോസിയേഷന് (MARC) പ്രവർത്തനമികവിന് ISRC അവാർഡ്



ഡോണെർസ് ഗ്രോവ് : അമേരിക്കൻ അസോസിയേഷൻ ഓഫ് റെസ്പിറേറ്ററി കെയർ (AARC) ൻറെ , ഇല്ലിനോയിസ് സൊസൈറ്റി ഓഫ് റെസ്പിറേറ്ററി കെയർ (ISRC) ചാപ്റ്റർ ഡൗണെഴ്സ് ഗ്രോവ്, ചിക്കാഗോയിൽ വെച്ച് നടത്തപ്പെട്ട 58 മത് കോൺഫെറൻസിൽ,റെസ്പിറേറ്ററി തെറാപ്പി മേഖലയിലെ കഴിഞ്ഞ 25 വർഷത്തെ സ്തുത്യർഹമായ പ്രവർത്തനത്തിന് മലയാളീ അസോസിയേഷൻഓഫ്റെസ്പിറേറ്ററി കെയർ (MARC) നെ ആദരിച്ചു. ISRC വാർഷീക കോൺഫെറൻസിനോടനുബന്ധിച്ചു നടന്ന പൊതുയോഗത്തിൽ ISRC പ്രസിഡന്റ് ജിന ഹൂട്സ് അവാർഡ് നൽകി.

MARC നെ പ്രതിനിധീകരിച്ച് പ്രസിഡന്റ് ശ്രീ. ടോം ജോസ് അവാർഡ് ഏറ്റുവാങ്ങി. MARC എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ ആയ മിസ്. സമയ ജോർജ്, ശ്രീ. റോണിഷ് മാത്യു, മിസ്. ബിൻസി എലിയാസ്, മിസ്. ട്രീസ ഷെയ്, ശ്രീ. വിജയ് വിൻസെന്റ്,

ശ്രീ. ബെൻസി ബെനഡിക്ട്, ശ്രീ. റോയ് ജോസഫ്, ശ്രീ സനീഷ് ജോർജ്, ശ്രീ. ജോർജ് പ്ലാമ്മൂട്ടിൽ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു. ISCRയുടെ പ്രവർത്തനങ്ങൾക്കു MARC നൽകുന്ന പിന്തുണ ചടങ്ങിൽ പ്രത്യേകം പരാമർശിച്ചു. നിലവിൽ MARC എക്സിക്യൂട്ടീവ് അംഗം ശ്രീ സനീഷ് ജോർജ് ISRC മീഡിയ & മെമ്പർഷിപ് കമ്മിറ്റിയിൽ പ്രവർത്തിച്ചു വരുന്നു.

സിൽവർ ജൂബിലി ആഘോഷിക്കുന്ന MARC ന് ലഭിക്കുന്ന രണ്ടാമത്തെ പുരസ്കാരം ആണിത്. മുൻപ് മലയാളത്തിലെ പ്രമുഖ ദൃശ്യ മാധ്യമം ആയ ഏഷ്യാനെറ്റിന്റെ ‘കോവിഡ് വാരിയർ’ അവാർഡ് MARC ന് ലഭിച്ചിരുന്നു. MARC ന്റെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കേരളത്തിൽ നിർമിച്ചു നൽകുന്ന ഭവനങ്ങളുടെ പണി പൂർത്തിയായി, ഇതിനോടകം 3 കുടുംബങ്ങൾക്ക് താങ്ങായി മാറുവാൻ MARC ന് സാധിച്ചു.

സിൽവർ ജൂബിലിയുടെ ഭാഗമായി ക്രമീകരിക്കുന്ന ഹെൽത്ത് ഫെയറിന്റെ ക്രമീകരങ്ങൾ ആരംഭിച്ചു. കഴിഞ്ഞ 25 വർഷത്തെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന സിൽവർ ജൂബിലി സുവനീറിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. സിൽവർ ജൂബിലി ആഘോഷങ്ങളുടെ സമാപന മീറ്റിംഗിൽ പ്രകാശനം ചെയ്യുന്ന പ്രസ്തുത സുവനീറിൽ കലാ സൃഷ്ടികൾ ഉൾപെടുത്താൻ ആഗ്രഹിക്കുന്നവർക്ക് marcosuvenir2025@gmail.com എന്ന email ലേക്ക് തങ്ങളുടെ രചനകൾ അയക്കാവുന്നതാണ്. ശ്രീ സ്കറിയകുട്ടി തോമസ് ജനറൽ കൺവീനർ ആയി സിൽവർ ജൂബിലി ആഘോഷ ക്രമീകരണങ്ങൾ നടന്നു വരുന്നതായി ഭാരവാഹികൾ അറിയിച്ചു.




NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ

# എസ്സെൻസ് ഫെസ്റ്റിൽ ശ്രീ തമ്പി ആന്റണി നടത്തുന്ന പ്രഭാഷണം 'വിശ്വാസം വിദ്വേഷമാകുമ്പോൾ'




**ജെയിംസ് കുരീക്കാട്ടിൽ**

പ്രശസ്ത മലയാള സാഹിത്യകാരനും ചലച്ചിത്ര നിർമ്മാതാവും നടനുമായ ശ്രീ തമ്പി ആന്റണി, മെയ് 30 ന് ടെക്സസിലെ ഡാലസിൽ നടക്കുന്ന 'എസ്സെൻസ് ഫെസ്റ്റിൽ' പങ്കെടുത്ത് പ്രഭാഷണം നടത്തുന്നു.

എഴുത്തുകാരൻ, ചലച്ചിത്ര നിർമ്മാ

താവ്, നടൻ, സാമൂഹ്യ പ്രവർത്തകൻ എന്നീ നിലകളിൽ തമ്പി ആന്റണി ലോകമെമ്പാടുമുള്ള മലയാളികൾക്ക് സുപരിചിതനാണ്. കേരളത്തിൽ ജനിച്ച് വളർന്ന അമേരിക്കയിലേക്ക് കുടിയേറിയ അദ്ദേഹത്തിന്റെ സാഹിത്യ സൃഷ്ടികളിൽ ഇന്ത്യൻ അമേരിക്കൻ ജീവിതാനുഭവങ്ങൾ ശക്തമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

40-ലധികം മലയാളവും ഇംഗ്ലീഷും ചിത്രങ്ങളിൽ അഭിനയിച്ചിട്ടുള്ള അദ്ദേഹം Cash, Beyond the Soul (ഹോളിവുഡ് ചിത്രം), പപ്പിലിയോ ബുദ്ധ, കൽക്കത്ത ന്യൂസ്, ജാനകി, Made in USA, സൂഫി പറഞ്ഞ കഥ, ഇവൻ മേഘരൂപൻ, പറുദീസ തുടങ്ങിയ അന്താരാഷ്ട്ര പ്രശസ്തി നേടിയ ചിത്രങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഇംഗ്ലീഷ് ചിത്രമായ Beyond the Soulൽ പ്രൊഫസർ ആചാര്യ എന്ന കഥാപാത്രത്തെ അവതരിപ്പിച്ചതിന് ഹൊണലുലു അന്താരാഷ്ട്ര ചലച്ചിത്ര മേള (USA) യിൽ മികച്ച നടനുള്ള പുരസ്കാരം ലഭിച്ചു. കാരൂരിന്റ പ്രശസ്ത കൃതിയായ പൊതിച്ചോറിലെ ഹെഡ് മാസ്റ്ററെ അവതരിപ്പിച്ചതിന് കേരളാ ക്രിട്ടിക്സ് അവാർഡും ലഭിച്ചിട്ടുണ്ട് .

അദ്ദേഹത്തിന്റെ സാഹിത്യ സൃഷ്ടികളിൽ പ്രധാനപെട്ടവ, ഭൂതത്താൻ കുന്ന് (ഡി.സി. ബുക്സ് പ്രസിദ്ധീകരിച്ച നോവൽ) 2019 ലെ പ്രശസ്ത കലാകൗമുദി പുരസ്കാരം നേടി; രണ്ടാം പതിപ്പ് ലഭ്യമാണ്. (ഇതിന്റെ ഇംഗ്ലീഷ് പതിപ്പ് Devil Mountain ആമസോണിൽ ലഭ്യമാണ്.)

Vasco de Gama (ചെറുകഥാസമാഹാരം, ഡി.സി. ബുക്സ്) 2019ലെ ബഷീർ പുരസ്കാരം നേടി; ഇപ്പോൾ മൂന്നാം പതിപ്പിൽ.

ഏകാന്തതയുടെ നിമിഷങ്ങൾ (നോവൽ, മാതൃഭൂമി ബുക്സ്

ഇടിച്ചക്കപ്ലാമ്മൂട് പോലീസ് സ്റ്റേഷൻ, ആക്കൽദാമയിലെ കള്ളൻ. (നാടകങ്ങൾ, ഒലിവ് ബുക്സ്)

മല ചവിട്ടുന്ന ദൈവങ്ങൾ (കവിതാസമാഹാരം, ഡി.സി. ബുക്സ്)

മരക്കിഴവൻ (ഗ്രീൻ ബുക്സ്)

Penn Biker (ഇംഗ്ലീഷിലും മലയാളത്തിലും ലഭ്യം; മലയാള പതിപ്പ് മാതൃഭൂമി ബുക്സ് പ്രസിദ്ധീകരണം)

ഡോഗ് വാക്കർ എന്നിവയാണ്.

തമ്പി ആന്റണി രചിച്ച ഇംഗ്ലീഷ് പുസ്തകങ്ങൾ:

Devil Mountain (ആമസോൺ)

Moments of Solitude (ആമസോൺ ബുക്സ്)

Dog Walker (ആമസോൺ)

Snow in Chicago (ആമസോൺ)

Koonampara County (ആമസോൺ, പാപ്പാത്തി ബുക്സ്)

അദ്ദേഹത്തിന്റെ പുതിയ പുസ്തകൾ:

കഥാസമാഹാരമായ '911'' , ഡി സി ബുക്ക്സ്.

ജീവിതാനുഭങ്ങൾ കുറിച്ചിട്ട 'ഞാനും സിനിമയും ' മനോരമാ ബുക്സ് എന്നിവയാണ്.

ശ്രീ തമ്പി ആന്റണിയുടെ വിപുലമായ ജീവിതാനുഭവങ്ങൾ കേൾക്കാൻ, അദ്ദേഹത്തിന്റെ സ്വതന്ത്ര ചിന്തയുടെ ജീവിത ദർശനം അറിയാൻ എല്ലാവരെയും മെയ് 30ന് ഡാലസിൽ നടക്കുന്ന എസ്സെൻസ് ഫെസ്റ്റിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

# ന്യൂയോർക്ക് ഫ്രാങ്ക്ലിൻ സ്ക്വയർ സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് ദേവാലയത്തിൽ ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് കിക്കോഫിന് ഉജ്വല തുടക്കം

ജിനേഷ് തമ്പി





ന്യൂയോർക്ക് : മലങ്കര ഓർത്തഡോക്സ് സഭ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന വാർഷിക ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന്റെ രജിസ്ട്രേഷന് ഫ്രാങ്ക്ലിൻ സ്ക്വയർ സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് ദേവാലയത്തിൽ ഉജ്വല തുടക്കം.

2026 ജൂലൈ 15 മുതൽ 18 വരെ പെൻസിൽവേനിയയിലെ ലാങ്കസ്റ്ററിലാണ് കോൺഫറൻസ് സംഘടിപ്പിച്ചിരിക്കുന്നത്. 'കൃപയുടെ പാത്രങ്ങൾ' എന്നതാണ് ചിന്താ വിഷയം.

കോൺഫറൻസ് പ്രചാരണത്തിന്റെയും രജിസ്ട്രേഷന്റെയും ഭാഗമായി ദേവാലയത്തിൽ ജോൺ താമരവേലിൽ, ബോബി ജോൺ, മാത്യു വർഗീസ്, മാത്യു ജോഷ്വ, പ്രേംസി ജോൺ, ആഞ്ചലീന ജോഷ്വ, സിനി മാത്യു, ഐറിൻ പോൾ, ഈതൻ കൂട്ടുമാത എന്നിവരുൾപ്പെടുന്ന കോൺഫറൻസ് ടീം സന്ദർശനം നടത്തി.

ഇടവക വികാരി ഫാ.ഡോ.സി.കെ. രാജൻ കോൺഫറൻസ് ടീമിനെ ഊഷ്മളമായി സ്വാഗതം ചെയ്തു. കോൺഫറൻസിൽ പങ്കെടുക്കാൻ എല്ലാ ഇടവകാംഗങ്ങളെയും അച്ചൻ പ്രോത്സാഹിപ്പിക്കുകയും, കോൺഫറൻസ് ടീമിന്റെ സമർപ്പണത്തിനു നന്ദി പറയുകയും ചെയ്തു.

ജോൺ താമരവേലിൽ കോൺഫറൻസിൽ പങ്കെടുക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് സംസാരിക്കുകയും, കോൺഫറൻസിന്റെ ഉദ്ദേശ്യത്തെയും ദൗത്യത്തെയും കുറിച്ചുള്ള വിശദാംശങ്ങൾ നൽകുകയും ചെയ്തു.

ഐറിൻ പോൾ ഈ വർഷത്തെ കോൺഫറൻസിന്റെ ചിന്താ വിഷയം, കോൺഫറൻസ് തീയതി, സമയം, സ്ഥലം, പ്രഭാഷകർ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ പങ്കു വെച്ചു.

ഡോ. തോമസ് മാർ അത്താനാസിയോസ്

(കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത), ഹൈറോമോങ്ക് വാസിലിയോസ് (സെയിന്റ് ഡയോണിഷ്യസ് മൊണാസ്ട്രി), ഫാ. ഡോ. എബി ജോർജ് (ലോങ്ങ് ഐലൻഡ് സെന്റ് തോമസ് ഇടവക വികാരി), ലിജിൻ തോമസ് (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനം) എന്നിവരാണ് കോൺഫറൻസിലെ പ്രധാന പ്രഭാഷകർ.

ഭദ്രാസന കൗൺസിൽ അംഗം ബോബി













ജോൺ കോൺഫറൻസിന് ലഭിക്കുന്ന ശക്തമായ പിന്തുണയെയും സമർപ്പണത്തെയും കുറിച്ച് സംസാരിച്ചു, കൂടാതെ ഭദ്രാസന കൗൺസിൽ കോൺഫറസിന് നൽകുന്ന പങ്കാളിത്തത്തിന്റെയും പിന്തുണയുടെയും പ്രാധാന്യം ഊന്നിപ്പറഞ്ഞു.

സ്പോൺസർഷിപ്പ് അവസരങ്ങളെയും ഭക്ഷണ ക്രമീകരണങ്ങളെയും കുറിച്ച് മാത്യു വർഗീസ് സംസാരിച്ചു.

കോൺഫറൻസ് രജിസ്ട്രേഷനെക്കുറിച്ചും മുൻ വർഷത്തെ അപേക്ഷിച്ചു രജിസ്ട്രേഷൻ നിരക്കുകളിലെ കുറവിനെ കുറിച്ചും ആഞ്ചലീന ജോഷ പറഞ്ഞു,

പ്രേംസി ജോൺ റാഫിളിനെ കുറിച്ച് സംസാരിക്കുകയും, അംഗങ്ങളെ കോൺഫറൻസിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ഈതൻ കൂട്ടുമാത ഇടവകാംഗങ്ങളോട് സുവനീറിലേക്ക് ലേഖനങ്ങൾ അയക്കാൻ ആവശ്യപ്പെടുകയും, സ്പോൺസർഷിപ്പിനെ കുറിച്ചുള്ള വിവരങ്ങൾ നൽകുകയും ചെയ്തു.

മുൻ കോൺഫറൻസ് ട്രഷററായ മാത്യു ജോഷ കോൺഫറൻസ് ടീമിനുമൊപ്പം സ്വന്തം ഇടവകയിൽ നടന്ന കിക്കോഫ് പ്രോഗ്രാമിൽ പങ്കെടുത്തു.

കൂടുതൽ വിവരങ്ങൾക്കായി https://fyc-nead.org/ സന്ദർശിക്കുകയോ താഴെ പറഞ്ഞിരിക്കുന്ന ഭാരവാഹികളെ ബന്ധപ്പെടുകയോ ചെയ്യുക.


ഫാ. അലക്സ് കെ ജോയ് (കോൺഫറൻസ് കോർഡിനേറ്റർ): 973-489-6440

ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി): 917-612-8832

ജോൺ താമരവേലിൽ (കോൺഫറൻസ് ട്രഷറർ): 917-533-3566



Happy New Year
TEAM EMPOWER
FOKANA 2026-28
LEELA MARET PANEL
FOKANA 2026-2028
TEAM EMPOWER
MRS. LEELA MARET
(President)
MR. GEORGE OALICKAL
(General Secretary)
MRS. REVATHI PILLAI
(Treasurer)
MR. LINDO JOLLY
(Executive Vice President)
MR. LAGI THOMAS
(Vice President)
DR. BRIGIT GEORGE
(Associate Secretary)
MRS. FANCIMOL
(Associate Treasurer)
MR. SHAJI SAMUEL
(Add. Associate Sec)
MR. DEVASSY PALATTY
(Add. Associate Treasurer)
MRS. SAROOPA ANIL
(Women's Forum Chair)
REGIONAL VICE PRESIDENTS
MR. AJITH CHANDY
( RVP Pennsylvania)
MR. VINOY KURIAN
(RVP Texas)
MR. JOJI MATHAI
(RVP chicago)
MR. JOHN MATHEW
( RVP British Columbia)
MRS. USHA GEORGE
( RVP NEWYORK)
DR. GEETHA GEORGE
(RVP California)
MR. JOHN VARGHESE
(RVP Georgia)
MR. SHIVA PRAKASH
(RVP New England)
MR. STANLY ETHUNICKAL
(RVP Washington)
NATIONAL COMMITTE MEMBERS
MR. SAJ KAVINTE ARIKATH
( Florida)
MR. MATHEW CHERIAN
(Pennsylvania)
MR. LIBIN KURIAN
(Philadelphia)
MR. RONY VARGHESE
(Philadelphia)
MR. ABHILASH JOHN
(Philadelphia)
MR. NIJO PUTHENPURACKAL
(Washington)
MRS. SUBI BABU
( Atlanta)
MRS. MARY JOSEPH
(Boston)
MRS.SOSAMMA ANDREWS
(New York)
MR. JINS JOSEPH
(New York)
MR. THOMAS ZACHARIAH
(New York)
MR. ROY MANNIKKAROTT
(California)
MR. BIJU GEORGE
(Canada)
MR. ANEESH KUMAR
( Canada)
YOUTH COMMITTEE MEMBERS
MR. AKHIL VIJAY
(Florida)
MRS. CHRYSTAL LAL
(Canada)
MRS. ANITHA GEORGE
(Canada)
MRS. FAITH ELDOW
(Philadelphia)
ASHITHA ALEX
(Newyork)
Happy New Year
ZION - +91 790 297 5082
fokanateamempower@gmail.com



Promise, Through the Path of Trust
TEAM PROMISE
FOMAA 2026-28
Mathew Varghese
For President
Johnson Joseph
For Vice President
Anu Skariah
For Gen. Secretary
Reshma Ranjan
For Joint Secretary
Binoy Thomas
For Treasurer
Titto John
For Joint Treasurer
Please Requesting
Your Prayers and Support

# മാറ്റമില്ലാത്ത മഹാനടൻ; കിലുക്കം ഷോയിൽ ലാലേട്ടന്റെ സാന്നിധ്യം കലാവിരുന്നായി



ന്യു ജേഴ്സി: മംഗലശേരി നീലകണ്ഠനും മുണ്ടയ്ക്കൽ ശേഖരനും തമ്മിൽ ഏറ്റു മുട്ടിയ ദേവാസുരം ചിത്രീകരിച്ചിട്ട് 33 വർഷമായി. 'പക്ഷെ മോഹൻ ലാലിന് ഒരു മാറ്റവും വന്നിട്ടില്ല,' മുണ്ടയ്ക്കൽ ശേഖരനെ അനശ്വരനാക്കിയ തമിഴ് നടൻ നെപ്പോളിയൻ പറഞ്ഞു.

രണ്ടു പതിറ്റാണ്ടിനു ശേഷം ആദ്യമായി പ്രിയപ്പെട്ട ലാലേട്ടൻ അമേരിക്കയിൽ അവതരിപ്പിച്ച കിലുക്കം 26 ഷോയുടെ സമാപനം കുറിച്ച് ന്യു ജേഴ്സി ലോഡായി ഫെലീഷ്യൻ കോളജിൽ നടന്ന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു നെപ്പോളിയൻ. ഈ കാലത്തിനിടയിൽ നെപ്പോളിയനു ഒരുപാട് മാറ്റമുണ്ടായി. മൻമോഹൻ സിംഗ് മന്ത്രിസഭയിൽ കേന്ദ്രമന്ത്രിയായി. 15 വർഷമായി അമേരിക്കയിലേക്ക് താമസം മാറ്റി. ഇപ്പോൾ ടെന്നസിയിൽ.

എന്നാൽ മാറ്റമില്ലാത്ത മഹാനടനായി മോഹൻ ലാൽ. നിത്യഹരിത നായകനെന്നും മറ്റുമുള്ള വിശേഷണങ്ങൾ പ്രേം നസീറിന്റെ പേരിനൊപ്പം തലമുറകൾ ചാർത്തിക്കൊടുത്തതിനാൽ 'ലാലേട്ടൻ' എന്ന പേര് നിത്യഹരിതം പോലെ ഒരു ബ്രാൻഡ് നെയിം ആയി. തലമുറകൾ ലാലേട്ടന്റെ ആരാധകരായി.

ലാലേട്ടന്റെ ഷോ കാണുന്നതിന് പകരം ലാലേട്ടനെ കാണുക എന്ന എന്ന ലക്ഷ്യവുമായി തല




മുറകൾ ഓഡിറ്റോറിയത്തിൽ സന്ധിക്കുന്ന കാഴ്ചയാണ് കണ്ടത്.

അക്കരെ അക്കരെ എന്ന അമേരിക്കയിൽ ചിത്രീകരിച്ച സിനിമയിലെ 'സ്വർഗ്ഗത്തിലോ, നമ്മൾ സ്വപ്നത്തിലോ...' എന്ന ഗാനം പാടി നൃത്തം ചെയ്താണ് ലാലേട്ടൻ അരങ്ങിലെത്തിയത്. വേദിയുടെ ഇരുവശങ്ങളിലും ലാലേട്ടൻ ഫാൻസ് ആവേശഭരിതരായി നിൽക്കെ അവരെ അവിടെ തന്നെ നിർത്താൻ സെക്യൂരിറ്റി പാടുപെട്ടു. ആരാധകർ ആരും അതിരു വിട്ടതുമില്ല.

1984 മുതൽ അമേരിക്കയിൽ വരുന്നതും മുൻപ് 2007-ൽ ഇതേ വേദിയിൽ തന്നെ ഷോ അവതരിപ്പിച്ചതും ലാലേട്ടൻ അനുസ്മരിച്ചു. താര വിജയൻ ആണ് അന്ന് ഷോ കൊണ്ട് വന്നത്. തനിക്ക് ഒരുപാട് സൗഹൃദങ്ങളുള്ള നാടാണ് ന്യൂ ജേഴ്സി. ന്യൂ ജേഴ്സി പെർഫോമിംഗ് ആർട്സ് വേദിയിൽ ഷോ അവതരിപ്പിപ്പോൾ ബീനാ മേനോനും അവരുടെ കലാശ്രീ സ്കൂളും ആണ് കൂടെ സഹകരിച്ചത്. 82 ആർട്ടിസ്റ്റുകൾ ആ പരിപാടിയിൽ പങ്കെടുത്തു.

നെപ്പോളിയനെയും അദ്ദേഹം അഭിവാദ്യം ചെയ്തു. 'വഴി മാറെടാ മുണ്ടക്കൽ ശേഖരാ .. എന്ന് സിനിമാക്കാരനായി ആക്രോശിച്ചപ്പോൾ സിനിമയിലെ ലാലിന്റെ സംഭാഷണത്തിന്റെ ഗാംഭീര്യവും നിത്യജീവിതത്തിലെ സൗമ്യമായ സംസാരവും തമ്മിലുള്ള വ്യത്യാസം പ്രകടമാകുകയും ചെയ്തു.

ആങ്കർ മാറിൽ ഒരാളായിരുന്ന കേരളത്തിൽ ജീവിക്കുന്ന അമേരിക്കൻ വംശജ തന്നെ ആദ്യമായി കണ്ടത് എപ്പോഴെന്നു ചോദിച്ചു. എട്ടു വയസുള്ളപ്പോൾ അമൃതാനന്ദമയിയുടെ ആശ്രമത്തിൽ വെച്ചാണെന്ന് അവർ തന്നെ പറഞ്ഞു. അന്ന് ലാലേട്ടനെ കാണാൻ എല്ലാവരെയും തള്ളി മാറ്റി ഓടിച്ചെന്നു. ലാലേട്ടൻ തന്നെ നോക്കി ചിരിച്ചു.









അത് ഓർമ്മിക്കുന്നു എന്ന് പറഞ്ഞ ലാലേട്ടൻ ആ കുട്ടിയാണോ ഈ കുട്ടി എന്ന അതിശയപ്പെട്ടു. നല്ല മലയാളം പറയുന്നു. മലയാളികളെ സ്നേഹിക്കുന്നു.

ഈ പരിപാടിയിൽ സ്വർഗ്ഗത്തിലോ... എന്ന പാട്ട് പാടിയത് ആ സിനിമ അമേരിക്കയിൽ ഷൂട്ട് ചെയ്ത ഓർമ്മയിലാണെന്ന് മറ്റൊരു ചോദ്യത്തിന് അദ്ദേഹം ഉത്തരം നൽകി.

ഇരുപതു വർഷം മുൻപ് താൻ ഇവിടെ വരുമ്പോൾ മുന്നിലിരിക്കുന്ന കുട്ടികളിൽ പലരും ജനിച്ചിട്ടുണ്ടാവില്ലെന്നു ലാൽ പറഞ്ഞു. പുതിയ ജനറേഷനും തന്നെ സ്വീകരിക്കുന്നു എന്നതിൽ സന്തോഷം. 48 വർഷമായി താൻ സിനിമാ മേഖലയിൽ വന്നിട്ട്. ജനങ്ങളുടെ സ്നേഹവും പ്രാർഥനയുമാണ് തന്നെ ഈ രീതിയിൽ നിലനിർത്തുന്നത്.



ഇപ്പോൾ ഇവിടെയും കുട്ടികൾ നല്ല മലയാളം പറയുന്നു. സിനിമയും ടിവിയുമൊക്കെ ആയിരിക്കും അതിനു കാരണം. എല്ലാവർക്കും ആയിരം നന്ദി.

ഇതൊരു മ്യൂസിക്കൽ ഷോ ആണെന്ന് നേരത്തെ പറഞ്ഞ മോഹൻ ലാൽ പിന്നീട് ഹിന്ദിയിൽ അടക്കം ചില പാട്ടുകൾ കൂടി പാടി.

മോഹൻ ലാലിന്റെ സാന്നിധ്യം ഒഴിച്ചാൽ ഷോ അത്ര വ്യത്യസ്തമായിരുന്നില്ല. വിസ പ്രശനം മൂലം കൂടുതൽ ആർട്ടിസ്റ്റുകൾക്ക് എത്താനായില്ല. ഷോയുടെ ആദ്യ പകുതിയിൽ ട്രൈസ്റ്റേറ്റ് മേഖലയിലെ വിവിധ നൃത്ത സ്ഥാപനങ്ങൾ അവതരിപ്പിച്ച നൃത്തങ്ങളാണ് അരങ്ങേറിയയത്. റൂബിന സുധർമ്മൻ, ബിന്ധ്യ ശബരി, മാലിനി നായർ, ബീന മേനോൻ എന്നിവരുടെ നേതൃത്വത്തിലുള്ള



നൃത്തസ് സ്കൂളുകളിലെ വിദ്യാർത്ഥികൾ അരങ്ങു തകർത്തു. മിത്രാസ് ഗ്രൂപ്പും ലാലേട്ടനൊപ്പം നൃത്തം ചെയ്തു.





കീബോർഡിൽ വിസ്മയം സൃഷ്ടിക്കുന്ന സ്റ്റീഫൻ ദേവസിയും സംഘവും അവതരിപ്പിച്ച ഗാനോപഹാരം ആയിരുന്നു മറ്റൊരു പ്രധാന പരിപാടി. അത് പതിവ് പോലെ സദസിനെ പ്രകമ്പനം കൊള്ളിച്ചു.



അമേരിക്കയിൽ ഷോയുടെ സംഘാടകനായ രഞ്ജു രാജ് (ടെക്സസ്) ഇതിന്റെ നേരിടേണ്ടി വന്ന വിഷമതകൾ വിവരിച്ചു. കഴിഞ്ഞ വർഷം നടത്തേണ്ട ഷോ, ചില ആർട്ടിസ്റ്റുകളുടെ വിസ പ്രശനം മൂലം മാറ്റി വയ്ക്കേണ്ടി വന്നു. എങ്കിലും ജനം സഹകരിച്ചു.

ന്യു ജേഴ്സി ഷോ സംഘടിപ്പിച്ച ബൈജു വർഗീസിനും ഷിജോ പൗലോസിനും മറ്റൊരു ദുരന്ത വാർത്ത കൂടി പറയാനുണ്ടായിരുന്നു. അതെന്തെന്ന് അവർ വേദിയിൽ വച്ച് വിശദീകരിച്ചില്ല. പിന്നീടാണ് അറിഞ്ഞത് ഷോയ്ക്ക് നാല് ദിവസം മുൻപ് ഓഡിറ്റോറിയം തരില്ലെന്ന് ഫെലീഷ്യൻ യൂണിവേഴ്സിറ്റി അധികൃതർ അറിയിച്ചു. ആരോ അവരെ പോയി തെറ്റിദ്ധരിപ്പിച്ചു എന്നർത്ഥം. പിന്നീട് ഏറെ വിഷമതകളും ശുപാർശകളും കഴിഞ്ഞാണ് മലയാളത്തിന്റെ മഹാനടന് വേണ്ടി ആ വേദി ഒരുങ്ങിയത്.

ഒന്നര പതിറ്റാണ്ട് മുൻപ് റോക്ക് ലാഡിൽ യേശുദാസിന്റെ പരിപാടി ഇതേ പോലെ തടഞ്ഞതാണ് ഓർമ്മ വന്നത്. അത് നടത്തേണ്ടിരുന്ന സ്കൂൾ അധികൃതർക്ക് ആരൊക്കെയോ പരാതി നൽകി. ഷോ നടത്തുന്നത് ഒരു കുറ്റവാളിക്ക് വേണ്ടി ആണെന്നായിരുന്നു പറഞ്ഞത്. ജയിലിലുള്ള ആനന്ദ് ജോണിന്റെ മോചനത്തെ സഹായിക്കാനായിരുന്നു ഷോ. എന്തായാലും അന്നുണ്ടായിരുന്ന മാവേലി തീയറ്ററിൽ ദാസേട്ടൻ പാടി.

മലയാളികൾ എന്നാണ് ഈ പാരവയ്പ് പരിപാടിയിൽ നിന്ന് പിന്മാറുക?




FOKANA ELECTION 2026 -2028
TEAM INTEGRITY
SANTHOSH NAIR
General Secretary
PHILIPOSE PHILIP
President
ANTO VARKEY
Treasurer
LINDO JOLLY
Exe. Vice President
SONY THOMAS AMBOOKEN
Asso. Secretary
DR. SHINY RAJU
Women's Forum Chair
APPUKUTTAN PILLAI
Asso. Treasurer
JOSSY KARAKATTU
Vice President
Request your kind Support
Elect a team that Stands for Integrity
" LET US MOVE FORWARD, NOT BACKWARDS "
DR. AJU OOMMEN
Addi. Asso. Secretary
GRACE MARIA JOSEPH
Addi. Asso. Treasurer
ENDORSED & SUPPORTED BY PAST PRESIDENTS & BOT CHAIRS
MANMADHAN NAIR
GEORGE KORUTHU
PAUL KARUKAPILLIL
G. K. PILLAI
JOHN P. JOHN
MADHAVAN NAIR
GEORGY VARUGHESE
DR. BABU STEPHEN
DR. MAMMEN C. JACOB
JAIBU KULANGARA
SAJI M. POTHEN

# അമേരിക്കൻ മണ്ണിലെ മലയാളി സന്യാസിനി ആത്മീയ സംഗമം:

## ചരിത്രമുഹൂർത്തം സമ്മാനിച്ച് ചിക്കാഗോ സീറോ മലബാർ രൂപത




മാർട്ടിൻ വിലങ്ങോലിൽ

ചിക്കാഗോ: ചിക്കാഗോയിലെ ബെൻസൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ പള്ളി അങ്കണത്തിൽ കഴിഞ്ഞ ഏപ്രിൽ 17, 18 തീയതികളിൽ നടന്നത് കേവലം ഒരു ഒത്തുചേരലായിരുന്നില്ല; മറിച്ച് അമേരിക്കയിലെ സഭാചരിത്രത്തിൽ സ്വർണ്ണലിപികളാൽ എഴുതപ്പെടേണ്ട ഒരു മഹാസംഭവമായിരുന്നു.

അമേരിക്കയിലും കാനഡയിലുടനീളം ശുശ്രൂഷ ചെയ്യുന്ന മലയാളി സന്യാസിനികളുടെ ചരിത്രപ്രധാനമായ ഈ അനുഗ്രഹീത സംഗമത്തിന് ബെൻസൻവില്ലിലെ സേക്രഡ് ഹാർട്ട് ക്നാനായ ഫൊറോന ഇടവക ആതിഥേയത്വം വഹിച്ചു. ചിക്കാഗോ സീറോ-മലബാർ രൂപതയുടെ സ്ഥാപനത്തിന്റെയും മാർ ജേക്കബ് അങ്ങാടിയത്ത് പിതാവിന്റെ മെത്രാഭിഷേകത്തിന്റെയും രജത ജൂബിലി ആഘോഷങ്ങൾക്ക് ലഭിക്കാവുന്നതിൽ വെച്ച് ഏറ്റവും ഹൃദ്യമായ ഒരു അനുഭവമായി ഈ സംഗമം മാറി.

പരിപാടികളുടെ ഉദ്ഘാടനം ചിക്കാഗോ സീറോ മലബാർ രൂപതാ മെത്രാൻ മാർ. ജോയ് ആലപ്പാട്ട് പിതാവും, എമിരറ്റസ് മാർ ജേക്കബ് അങ്ങാടിയത്ത് പിതാവും, അമേരിക്കയിലെ ബൈസന്റൈൻ കത്തോലിക്കാ രൂപതയിലെ മാർ റോബർട്ട്







പി. പിപ്റ്റ പിതാവും ചേർന്ന് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. നിരവധി വൈദികരും 28-ലധികം സഭകളെ പ്രതിനിധീകരിക്കുന്ന കേരളത്തിൽനിന്നുള്ള 225 സന്യാസിനികളും ഈ ചടങ്ങിൽ സന്നിഹിതരായിരുന്നു.

ഉച്ചകഴിഞ്ഞു നടന്ന സെമിനാറിന് ഇല്ലിനോയിയിലെ സ്പ്രിംഗ്ഫീൽഡ് രൂപതയിലെ മാർ. തോമസ് പാപ്പറോക്കി പിതാവ് നേതൃത്വം നൽകി. വൈകുന്നേരം നടന്ന ആഘോഷമായ വിശുദ്ധ കുർബാനയ്ക്ക് മാർ ജോയ് ആലപ്പാട്ട് മുഖ്യ കാർമ്മികത്വം വഹിച്ചു. മാർ. റോബർട്ട് പിപ്റ്റ ശിഷ്യത്വത്തെക്കുറിച്ച് ആത്മീയമായ സന്ദേശം നൽകി. മാർ ജേക്കബ് അങ്ങാടിയത്തും മറ്റ് വൈദികരും സഹകാർമ്മികരായിരുന്നു.

വിശുദ്ധ കുർബാനയ്ക്ക് ശേഷം സന്യാസിനികളെ ആദരിക്കുന്ന വർണ്ണാഭമായ സാംസ്കാരിക ഘോഷയാത്ര നടന്നു. മുത്തുക്കുടകളുടെയും ചെണ്ട മേളത്തിന്റെയും അകമ്പടിയോടെ നീങ്ങിയ ഈ ഘോഷയാത്ര, അവർക്ക് വേദിയിലേക്ക് സ്നേഹാദരവുകളോടെയുള്ള ഊഷ്മളമായ സ്വീകരണമാണ് നൽകിയത്.

തുടർന്ന് സൗഹൃദ വിരുന്നും പൊതുസമ്മേളനവും സംഘടിപ്പിച്ചു. പരമ്പരാഗത നിലവിളക്ക് കൊളുത്തി മാർ റോബർട്ട് പിപ്റ്റി പിതാവ് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.



മാർ ജോയ് ആലപ്പാട്ട് പിതാവ് അധ്യക്ഷത വഹിച്ചു. മാർ ജേക്കബ് അങ്ങാടിയത്ത്, റവ. ഫാ. അലക്സാണ്ടർ കുര്യൻ, ഡൊമിനിക്കൻ സിസ്റ്റർ അമെലിയ ഹോലർ, സിസ്റ്റർ ആനി സെറീൻ സി.എം.സി എന്നിവർ ആശംസകൾ അർപ്പിച്ചു.

ചിക്കാഗോ സീറോ-മലബാർ രൂപതയുടെ വികാരി ജനറൽ രി റവ. ഫാ. അനീഷ് മാവേലിപുത്തൻപുരയിൽ, സിസ്റ്റർ ലിസ ഏഞ്ചലിക്കൽ എന്നിവരും സന്നിഹിതരായിരുന്നു.

സംഗമത്തിന്റെ ചെയർമാൻ റവ. ഫാ. തോമസ് മുളവനാൽ സ്വാഗത പ്രസംഗം നടത്തി. ജനറൽ കോർഡിനേറ്റർ ശ്രീ ടോണി പുള്ളപ്പള്ളിൽ നന്ദി പ്രസംഗം നടത്തി. എലൻവർ നേതൃത്വം നൽകി.

ശനിയാഴ്ച രാവിലെ നടന്ന നന്ദി അർപ്പണ വിശുദ്ധ കുർബാന'യ്ക്ക് മാർ ജേക്കബ് അങ്ങാടിയത്ത് മുഖ്യ കാർമ്മികത്വം വഹിക്കുകയും മാർ ജോയ് ആലപ്പാട്ട് സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് റവ. ഫാ. അലക്സാണ്ടർ കുര്യൻ, സിസ്റ്റർ അമേലിയ ഹോലർ






മാരായ റവ. ഫാ. തോമസ് മുളവനാൽ, റവ. ഫാ. ജോൺ മേലേപ്പുറം , റവ. ഫാ. തോമസ് കടുകപ്പിള്ളിൽ, ചാൻസലർ റവ. ഫാ. ജോൺസൺ കോവൂർ പുത്തൻപുരയിൽ, ബെൻസൻവിൽ വികാരി റവ. ഫാ. ഏബ്രഹാം കളരിക്കൽ , മോർട്ടൺ ഗ്രോവ് സെന്റ് മേരീസ് പള്ളിയുടെ അസിസ്റ്റന്റ് വികാ ഒറ്റത്തെക്കൽ ചടങ്ങുകളുടെ അവതാരകയായി സേവനമനുഷ്ഠിച്ചു. തുടർന്ന് നടന്ന സാംസ്കാരിക പരിപാടികൾ ചിക്കാഗോ കത്തീഡ്രൽ, സെന്റ് മേരീസ്, സേക്രഡ് ഹാർട്ട് പള്ളികളിലെ കലാകാരന്മാർ അവതരിപ്പിച്ചു. പരിപാടികൾക്ക് നിയാ ചെല്ലക്കണ്ടത്തിൽ, ഡെന്നി പുല്ലാപ്പള്ളിൽ എന്നിഎന്നിവർ നയിച്ച സെമിനാറുകൾ നടന്നു.

സമാപന സമ്മേളനത്തിൽ മാർ ജേക്കബ് അങ്ങാടിയത്ത് പിതാവിന് രജത ജൂബിലി ആശംസകൾ അർപ്പിച്ചു. മാർ ജോയ് ആലപ്പാട്ട് പിതാവ്, റവ. ഫാ. അലക്സാണ്ടർ കുര്യൻ, സിസ്റ്റർ അമേലിയ ഹോലർ,

റവ. ഫാ. ജോൺ മേലേപ്പുറം, റവ. ഫാ. തോമസ് മുളവനാൽ, റവ. ഫാ. ഏബ്രഹാം കളരിക്കൽ, സിസ്റ്റർ ലിസ ഏഞ്ചലിക്കൽ എന്നിവർ ചടങ്ങിൽ ആശംസകൾ നേർന്നു.

സംഗമം സമാപനത്തിലേക്ക് എത്തിയപ്പോൾ പങ്കെടുത്ത ഓരോ സന്യാസിനിയുടെയും ഉള്ളിൽ നിറഞ്ഞത് സ്നേഹത്തിന്റെയും കൃതജ്ഞതയുടെയും മനോഹരമായ ഓർമ്മകളായിരുന്നു. 'കർത്താവിനെ സ്തുതിക്കുവിൻ; അവൻ നല്ലവൻ; അവന്റെ കാരുണ്യം എന്നേക്കും നിലനിൽക്കുന്നു' എന്ന വചനം സ്മരിച്ചുകൊണ്ട്, തങ്ങൾക്ക് ലഭിച്ച ഈ വലിയ അനുഗ്രഹത്തിന് അവർ ദൈവത്തിന് നന്ദി പറഞ്ഞു.

മലയാളി സിസ്റ്റേഴ്സ് കോയ്നോണിയ 2026: ആത്മീയ നേതൃത്വത്തിന് ഹൃദയപൂർവ്വം നന്ദി:-

അമേരിക്കയിലെയും കാനഡയിലെയും 28 സന്യാസ സമൂഹങ്ങളെ പ്രതിനിധീകരിച്ച് എത്തിയ സിസ്റ്റർമാർ, ഈ ചരിത്ര മുഹൂർത്തം യാഥാർത്ഥ്യമാക്കിയ ആത്മീയ നേതൃത്വത്തിന് ഹൃദയപൂർവ്വം നന്ദി രേഖപ്പെടുത്തി. രൂപതാ അധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട്, എമിരറ്റസ് മാർ ജേക്കബ് അങ്ങാടിയത്ത് പിതാവ്, വികാരി ജനറൽമാർ, ചാൻസലർ റവ. ഫാ. ജോൺസൺ സേവ്യർ, റവ. ഫാ. ഏബ്രഹാം കളരിക്കൽ എന്നിവരോടും രൂപതാ കുരിയയിലെ എല്ലാ വൈദികരോടുമുള്ള തങ്ങളുടെ ആഴമായ കടപ്പാട് അവർ അറിയിച്ചു.


പ്രത്യേകിച്ച്, മാർ ജോയ് ആലപ്പാട്ട് പിതാവിനോടും, റവ. ഫാ. തോമസ് മുളവനാൽ, റവ. ഫാ. ജോൺ മേലേപ്പുറം, റവ. ഫാ. ഏബ്രഹാം കളരിക്കൽ എന്നിവരും നൽകിയ നിരന്തരമായ മാർഗ്ഗനിർദ്ദേശങ്ങളെ അവർ നന്ദിയോടെ സ്മരിച്ചു.

ഇടവകാംഗങ്ങളുടെയും വോളന്റിയർമാരുടെയും നിസ്തുല സേവനവും ആതിഥേയത്വം വഹിച്ച ബെൻസൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ ഫൊറോന പള്ളി, മോർട്ടൺ ഗ്രോവ് സെന്റ് മേരീസ് പള്ളി, ബെൽവുഡ് മാർ തോമാ ശ്ലീഹാ കത്തീഡ്രൽ എന്നിവിടങ്ങളിലെ വിശ്വാസികൾ നൽകിയ ഊഷ്മളമായ സ്വീകരണവും അശ്രാന്ത പരിശ്രമവും സന്യാസിനികളുടെ ഹൃദയം കവർന്നു. ജനറൽ കോർഡിനേറ്റർ ടോണി പുല്ലാപ്പള്ളിലിന്റെ നേതൃത്വത്തിൽ രജിസ്ട്രേഷൻ, ലിറ്റർജി, ഗായകസംഘം, ഭക്ഷണം, താമസം തുടങ്ങി വിവിധ കമ്മിറ്റികളിലായി സേവനമനുഷ്ഠിച്ച വോളന്റിയർമാരുടെ സമർപ്പണത്തെ അവർ പ്രത്യേകം അഭിനന്ദിച്ചു.

മറക്കാനാവാത്ത ചിക്കാഗോ കാഴ്ചകൾ സംഗമത്തിന്റെ സവിശേഷമായ ആകർഷണമായി. സിസ്റ്റർമാർക്കായി ഒരുക്കിയ ചിക്കാഗോ ഡൗൺടൗൺ ബസ് ടൂർ ആയിരുന്നു ഇതിലെ സവിശേഷത. നഗരത്തിന്റെ ചടുലതയും സൗന്ദര്യവും അനുഭവിച്ചറിഞ്ഞ ആ യാത്ര അവർക്ക് പരസ്പരം സ്നേഹം പങ്കുവെക്കാനും ബന്ധങ്ങൾ പുതുക്കാനുമുള്ള മികച്ച അവസരമായി.

പുതിയൊരു ചരിത്ര അധ്യായം കുറിച്ചു ശനിയാഴ്ച വൈകുന്നേരത്തോടെ സമാപിച്ച ഈ രണ്ടു ദിവസത്തെ ഒത്തുചേരൽ കേവലം ഒരു ചടങ്ങായിരുന്നില്ല; മറിച്ച് തങ്ങളുടെ ദൈവവിളി ഒരു കുടുംബമായി ആഘോഷിച്ച അവിസ്മരണീയ നിമിഷങ്ങളായിരുന്നു. കൃത്യമായ ആസൂത്രണവും വിശ്വാസികളുടെ സഹകരണവും ഒത്തുചേർന്നപ്പോൾ 'മലയാളി സിസ്റ്റേഴ്സ് കോയ്നോണിയ 2026', ചിക്കാഗോ സീറോ മലബാർ രൂപതയുടെ ചരിത്രത്തിൽ പ്രചോദനാത്മകമായ ഒരു പുതിയ അധ്യായത്തിന് തുടക്കമിട്ടിരിക്കുകയാണ്.




'indescribable yet truthful'
Lord Shiva's
Visit to a Home
In Edison, New Jersey, USA
Abhishek Mishra inspires
people to recognize the
existence of a 'Divine Power'
The Mishra Family welcomes visitors to learn about and
experience the spiritual miracle. Contact 1-732-690-0404


T&T PRODUCTION
AMERICAN MEGA SHOW
AURA
2026
SPICE GARDENS BAR & GRILL
INDIAN RESTAURANT
HERE ARE NO RULE
DMX
VIBE ആണ് BRO
DANCE MUSIC COMEDY
TICKET
+1 (832) 998-5873
+1 (646) 261-6314
+1 (516) 989-5834
Flock Trail
All in One Member Management Portal

# മറിയാമ്മ പിള്ള മെമ്മോറിയൽ സോക്കർ ഇന്റർനാഷണൽ ടൂർണമെന്റിന് ഐ. എം. എ വേദിയൊരുക്കുന്നു



**ജോർജ് പണിക്കർ**

ചിക്കാഗോ: ഫോക്കാനാ മുൻ പ്രസിഡന്റ്, ഐ. എം. എ മുൻപ്രസിഡന്റ് പൊതുപ്രവർത്തക, ജീവകാരുണ്യ പ്രവർത്തക തുടങ്ങി പല രംഗങ്ങളിലും മുന്നിൽ നിന്ന് പ്രവർത്തിച്ച് നമ്മളിൽ നിന്ന് വിട്ടു പിരിഞ്ഞ ചിക്കാഗോയുടെ ഉരുക്കു വനിത എന്നറിയപ്പെടുന്ന മറിയാമ്മ പിള്ളയുടെ ഓർമ്മകൾക്ക് ചാരുത പകരാൻ ഐ എം എ ഒരു സോക്കർ ടൂർണമെന്റും തുടർന്ന് മറിയാമ്മ പിള്ളയുടെ ഓർമ്മ നില നിർത്താൻ പൊതുജനങ്ങൾക്കായി ഒരു ഓഫീസ് മന്ദിരവും വാങ്ങുവാൻ പ്രസിഡന്റ് ജോയ് ഇണ്ടിക്കുഴിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചു.

സോക്കർ ടൂർണമെന്റ് മെയ് 31 ഞായറാഴ്ച രാവിലെ എട്ടുമണി മുതൽ ടെറസ് സ്കൂൾ ഗ്രൗണ്ടിൽ വച്ച് നടത്തുന്നതാണ്. (735 S. West Gate ഡെസ്പ്ലെൻസ് 60016).

അമേരിക്കയിൽ നിന്നും കാനഡയിൽ നിന്നുമുള്ള 16 ടീമുകൾ അണിനിരക്കുന്ന ഗംഭീര ടൂർണമെന്റ് രണ്ട് ഗ്രൗണ്ടുകളിൽ ഒരുമിച്ച് നടത്താനാണ് തീരുമാനം. വിജയിക്കുന്ന ടീമുകൾക്ക് ക്യാഷ് അവാർഡ് ആയി 1000 ഡോളറും മറിയാമ്മ പിള്ള മെമ്മോറിയൽ എവർ റോളിംഗ് ട്രോഫിയും നൽകപ്പെടും. രണ്ടും മൂന്നും സ്ഥാനത്ത് എത്തുന്ന ടീമുകൾക്ക് എവർ റോളിംഗ് ട്രോഫിയും ക്യാഷ് അവാർഡുകളും നൽകും. ചിക്കാഗോയിൽ ഇദംപ്രഥമമായി പല കലാ കായിക പരിപാടികൾക്കും തുടക്കം കുറിച്ച ഇല്ലിനോയി മലയാളി അസോസിയേഷന്റെ പ്രവർത്തന മണ്ഡലത്തിൽ ഒരു തിലകക്കുറിയായി ഈ പരിപാടികളും മാറും എന്ന സംഘാടകർ വിശ്വസിക്കുന്നു. പരിപാടിയുടെ നടത്തിപ്പിലേക്ക് 51 അംഗ കമ്മിറ്റിയെയും യോഗം തെരഞ്ഞെടുത്തു. ടൂർണമെന്റ് കമ്മിറ്റി ചെയർമാൻ സിറിയക്ക് കൂവക്കാട്ടിൽ, കൺവീനർമാർ ജയിബു മാത്യു, ഫ്രാൻസിസ് കിഴക്കേക്കുറ്റ്, കോർഡിനേറ്റർമാരായി ജോർജ് പണിക്കർ, സിബു മാത്യു, പ്രവീൺ തോമസ്, ഡയറക്ടർ പ്രിജിൽ അലക്സാണ്ടർ, ലിൻസ് ജോസഫ്, സ്റ്റീഫൻ ചൊള്ളാമ്പൽ, രാജൻ തലവടി, ഷാനി എബ്രഹാം, ജോർജ് മാത്യു, ജോസി കുരിശിങ്കൽ, അനിൽകുമാർ പിള്ള, സാം ജോർജ്, സാം തോമസ് തെക്കാനാൽ, ജോർജ് ചെക്കാലത്തോട്ടിൽ, അനിസ് സണ്ണി തുടങ്ങി ഒരു വൻ നിര വിവിധ കമ്മിറ്റികളിൽ പ്രവർത്തിക്കും ഈ ടൂർണമെന്റിന്റെ വിജയത്തിനായി ചിക്കാഗോ നിവാസികളുടെ നിർലോഭ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.


Shirley A. Abraham
Award Winning
Real Estate Broker
1-516-712-9262
shirley@nycrb.us
www.nycrb.us
NYCRB
Commercial • Investment • Advisory
Long Island | NYC | New York State
We are recognized for disciplined underwriting, deep zoning and redevelopment expertise, and decisive execution.

# ഫൊക്കാന ടീം എംപവർ പ്രചാരണോത്ഘാടനം ആവേശോജ്ജ്വലമായി

**(ജോർജ്ജ് ഓലിക്കൽ)**

ന്യൂയോർക്ക്: ടീം എംപവർ ലീല മാരേട്ട് പാനലിന്റെ ഔദ്യോഗികമായി പ്രചാരണങ്ങളുടെ ആവേശോജ്ജ്വലമായ ഉത്ഘാടനവും പത്രസമ്മേളനവും ന്യൂയോർക്കിലെ കേരളാ സെന്ററിൽ ഏപ്രിൽ 25-ന് നടന്നു.

കേരളാ സെന്ററിന്റെ പ്രസ്സ് റൂമിൽ ചേർന്ന പത്രസമ്മേളനത്തിൽ ലീല മാരേട്ട് അദ്ധ്യക്ഷത വഹിച്ചു. അമേരിക്കയിലെ പ്രമുഖ പത്രപ്രവർത്തകരായ ജോർജ്ജ് ജോസഫ്(ഈമലയാളി), ജോസ് കാടാപ്പുറം (കൈരളി), ടാജ് മാത്യൂ (ഐ.പി.സി.എൻ.എ) എന്നിവർ സന്നിഹിതരായിരുന്നു.

പത്രസമ്മേളനത്തിൽ ടീം എംപവറിന്റ പ്രകടനപത്രിക അവതരിപ്പിച്ചു. വ്യക്തമായ ദർശനവും ശക്തമായ ലക്ഷ്യബോധവും അതാണ് പ്രകടന പത്രികയുടെ ഉള്ളടക്കമെന്നും, കവൻഷനിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാതെ രണ്ടു വർഷം നീളുന്ന കർമ്മ പരിപാടികൾ അംഗ സംഘടനകളുടെ സഹകരണത്തിലൂടെ നടപ്പിലാക്കുകയും യുവാക്കളെയും വനിതകളെയും മുഖ്യധാരയിലേക്ക് കൊണ്ടുവരുവാനുള്ള പ്രവർത്തനങ്ങളെ എകോപിപ്പിക്കുമെന്നും അതോടൊപ്പം ഫൊക്കാന തുടങ്ങി വിജയം വരിച്ച മെഡിക്കൽ പ്രിവിലേജ് കാർഡും, നിർദ്ധരരായിട്ടുള്ളവർക്കുള്ള ഭവന നിർമ്മാണ പദ്ധതികളും തുടരുമെന്നും ലീല മാരേട്ട് വ്യക്തമാക്കി

യുവതലമുറയിൽ നിന്നും മുഖ്യധാര രാഷ്ട്രീയത്തിലേക്ക് കടന്നു വരുവാൻ താത്പര്യമുള്ളവരെ പ്രോത്സാഹിപ്പിക്കുകയും അവരുടെ കാമ്പയിനുകളെ









സഹായിക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകുകയും അതോടൊപ്പം അമേരിക്കയിലെ കോർപ്പറേറ്റ് സ്ഥാപനങ്ങളുമായി ചേർന്ന് സെമിനാറുകളും ജോബ് ഫെയറുകളും സംഘടിപ്പിച്ച് തൊഴിൽ രംഗത്തെ പുതിയ സാദ്ധ്യതകൾ പരിചയപ്പെടുത്തുമെന്ന് ജനറൽ സെകട്ടറി സ്ഥാനാർത്ഥി ജോർജ്ജ് ഒലിക്കൽ പറഞ്ഞു.

ജീവിത സായാഹ്നത്തിൽ ഒറ്റപ്പെടൽ അനുഭവിക്കുന്നവർക്ക് കൈത്താങ്ങും അന്തിമ ഘട്ടങ്ങളിൽ കരുതലും കരുണാപൂർവ്വമായ പരിചരണവും സഹായങ്ങളും നൽകാനുള്ള പദ്ധതികൾ എകോപിപ്പിക്കാൻ മുൻകൈ എടുക്കുമെന്ന് ട്രഷറർ സ്ഥാനാർത്ഥി രേവതി പിള്ള ഉറപ്പുനൽകി.

യുവജനതയെ ഫൊക്കാനയലേക്ക് ആകർഷിക്കുന്നതിനും നിലനിറുത്തുന്നതിനും നിലവിലുള്ള ഫോറങ്ങളെ ശക്തിപ്പെടുത്തി റീജീയനുകളിൽ കായികമേളകൾ സംഘടിപ്പിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമെന്ന് വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥി ലാജി തോമസ്, ലിൻസ് ജോസഫ്, മാത്യു ചെറിയാൻ, നിജോ പുത്തൻപുരക്കൽ എന്നിവർ വ്യക്തമാക്കി.

അമേരിക്കയിലെ കലാസാംസ്ക്കാരിക സാഹിത്യ രംഗത്ത് പ്രവർത്തിക്കുന്നവരെ പ്രോത്സാഹിപ്പിക്കാൻ കലാസന്ധ്യകളും, സാഹിത്യ സമ്മേളനങ്ങളും, നാടകോത്സവങ്ങളും

സംഘടിപ്പിക്കുകയും, സ്ത്രീ ശാക്തീകരണത്തിന് മുൻതൂക്കം കൊടുക്കുമെന്നും സ്ഥാനാർത്ഥികളായ ബ്രിജിറ്റ് ജോർജ്ജ്, ഫാൻസിമോൾ, ദേവസ്സി പാലാട്ടി , എന്നിവർ പറഞ്ഞു.

അമേരിക്കയിലെ ഇന്ത്യൻ കോസിലേറ്റുമായി ബന്ധപ്പെട്ട് മലയാളികളുടെ കോസിലേറ്റ് സംബന്ധമായ പ്രശ്നങ്ങൾക്ക് വേഗത്തിൽ പരിഹാരം കാണുവാൻ ശ്രമിക്കുമെന്ന് ഷാജി സാമുവൽ, റോണി വറുഗീസ്, ഉഷ ജോർജ്ജ്, ശോശാമ്മ ആൻഡ്രുസ് എന്നിവർ ഉറപ്പു നൽകി.

പത്രസമ്മേളനത്തിനു ശേഷം ചേർന്ന പൊതുയോഗത്തിൽ, വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥിയും കിക്കോഫ് കോഡിനേറ്ററുമായ ലാജി തോമസ് ഏവരെയും സ്വാഗതം ചെയ്തു.ടീം എംപവർ ലീഡറും പ്രസിഡന്റു സ്ഥാനാർത്ഥിയുമായ ലീല മാരേട്ട് ടീം അംഗങ്ങളെ പരിചയപ്പെടുത്തി.

ന്യൂയോർക്ക്, ന്യൂജേഴ്സി, പെൻസിൽവേനിയ, വാഷിംങ്ടൺ റീജിയണുകളിലെ അംഗസംഘടന പ്രതിനിധികളുടെയും, ഡെലിഗേററ്സിന്റെയും സജീവ സാന്നിദ്ധ്യമുണ്ടായിരുന്ന സമ്മേളനത്തിൽ അലക്സ് എസ്തപ്പാൻ (പ്രസിഡന്റ് കേരളാസെന്റർ), ഹേമചന്ദ്ര പണിക്കർ (പ്രസിഡന്റ്, കേരള സമാജം ഓഫ് ഗ്രേറ്റർ ന്യൂയേർക്ക്), രാജേഷ് പുഷ്പരാജൻ (പ്രസിഡന്റ്, ന്യൂയോർക്ക, മലയാളി അസ്സോസിയേഷൻ), ബിജു ചാക്കോ (പ്രസിഡന്റ്, ഐ.എം.എ.എൽ.ഐ), മാത്യൂ ചെറിയാൻ (പ്രസിഡന്റ്, പി.എം.എ), റെജി കുര്യൻ (പ്രസിഡന്റ്, കെ.സി.എ.എൻ.എ), സുധ കർത്ത (പമ്പ), ജിബി മാത്യൂ (ലിംക), ലൈസി അലക്സ് (സെക്രട്ടറി, സ്റ്റാററൻ ഐലന്റ് മലയാളി അസ്സോസിയേഷൻ), ലോറൻസ് തോമസ് (ഫിൽമ) എന്നിവർ ടീം എംപവറിന് ആശംസകൾ നേർന്നും പിന്തുണ വാഗ്ദാനം ചെയ്തും സംസാരിച്ചു.

തുടർന്നു നടന്ന കലാസന്ധ്യയിൽ ചന്ദ്രിക കുറുപ്പും ലക്ഷ്മി കുറുപ്പും ചിട്ടപ്പെടുത്തിയ നൃത്തങ്ങൾ നേഹ നായരും ഗൗരി നായരും ചേർന്നവതരിപ്പിച്ചു. ശ്രുതിമധുരമായ ഗാനങ്ങളുമായി തോമസ് സക്കറിയ(സുജിത്ത് മൂലയിൽ), അഞ്ജന മൂലയിൽ, ഉജ്വാല മോസസ്സ്, പ്രേം കൃഷ്ണ എന്നിവർ കലാസന്ധ്യയെ മികവുറ്റതാക്കി. താരാ ഷാജി എം.സിയായിരുന്നു. ജനറൽ സെക്ര`റി സ്ഥാനാർത്ഥി ജോർജ്ജ് ഓലിക്കൽ നന്ദി പ്രകാശനം നടത്തി. വിഭവസമൃദ്ധമായ അത്താഴ വിരുന്നോടെ പരിപാടികൾ സമാപിച്ചു.




MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation
of Cemetery Granites, Bronze Memorials
Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA


#1'OTT' Platform
Download FREE
Scan QR Code to Download App Instantly
Watch
MediaAppUSA
LIVE Television Channels
LIVE Streaming
Video on Demand
News Portals
On your Phones, All Smart TV's and Any Streaming Devices
www.mediaappusa.com | info@medialogistics.us | 1-917-900-2123


pravasi CHANNEL HD
emalayalee.com
Pravasi Channel & eMalayalee
Presents
GlobeON
GlobeON
News
Every Day
10am | 2pm |
6pm & 10pm US EST
Watch all Media Outlets via 'MediaAppUSA'
MediaAppUSA
mediaappusa.com
Download for FREE on all
Streaming Devices and Smart TV's
Also on iPhone
and Android Phone
For more info: 1-917-662-1122 | info@medialogistics.us